# താമരമൊട്ടുകൾ


വാല്യം 21 | മെയ് 2019 | ലക്കം 5 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ


# THAMARAMOTTUKAL

Registered with Registrar of Newspapers of India
| RNI NO. 71212/99 | Date of Publication : 30 - 04 - 2019 |


4-ാമത് കുളത്തുവയൽ തീർത്ഥാടനത്തിൽ നിന്ന്


Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1,
Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press,
Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

# Bishop's Programme

## May 2019

| | | |
|---|---|---|
| 01 | 08.00 | Thamarassery |
| | 17.00 | Augustianmuzhy |
| 02 | 08.00 | East Hill |
| | 10.30 | Pulloorampara |
| | 12.00 | Panamplavu |
| | 20.00 | Thamarassery |
| 03 | 09.30 | Peruvannamuzhi |
| | 17.00 | Puthuppady |
| 04 | 07.00 | Thamarassery |
| | 11.00 | Vettilappara |
| | 18.00 | Koodaranji |
| 05 | 15.30 | Kunduthode |
| 06 | 07.00 | Kakakdampoil |
| | 10.30 | Kattippara |
| 07 | 06.30 | PMOC |
| | 10.00 | Paroppady |
| | 08-10 | Fujairaha |
| 11 | 10.30 | Thamarassery |
| | 14.30 | PMOC |
| | 16.30 | Anackampoil |
| 12 | 10.00 | Chevayoor |
| | 16.00 | Koorachundu |
| 13 | 07.00 | Vettilappara |
| | 10.00 | PMOC |
| | 15.30 | Padichira |
| 14 | 09.30 | Perinthalmanna |
| | 18.00 | Kakkadampoil |
| 15 | 06.30 | Poolakkadavu |
| | 17.30 | Kakkadampoil |
| 16 | 10.30 | Athirambuzha |
| 17 | | Minor Seminary |
| 18 | | Kuninji |
| 19 | 16.00 | Chevayoor |
| | 19.00 | PMOC |
| 20 | 10.00 | Edoor |
| 21 | 09.00 | Mananthavady |
| 22 | 06.45 | Valillapuzha |
| | 10.30 | Kakkavayal |
| | 17.00 | Thamarassery |
| 23-24 | | Attappady |
| 25 | 10.00 | Bethania |
| 26 | | Vayalida - Pastoral visit |
| 27 | | Office Day |
| 28 | 10.00 | Thamarassery |
| 28-29 | | Thalassery |
| 30 | | Office Day |
| | 17.30 | Kunnamangalam |
| 31 | | Prayer Day |

വാല്യം 21 താമരമൊട്ടുകൾ മെയ് 2019 ലക്കം 05

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



അവൻ അവരെ ബഥാനിയാവരെ കൂട്ടിക്കൊണ്ടുപോയി;
കൈകളുയർത്തി അവരെ അനുഗ്രഹിച്ചു.
അനുഗ്രഹിച്ചുകൊണ്ടിരിക്കെ അവൻ അവരിൽ നിന്ന്
മറയുകയും സ്വർഗ്ഗത്തിലേക്ക്
സംവഹിക്കപ്പെടുകയും ചെയ്തു.

(ലൂക്കാ 24:50-51)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 285 |
| 2. | പ്രോഗ്രാം മെയ് 2019 | 286 |
| 3. | സർക്കുലർ | 287 |
| 4. | കച്ചേരികാര്യം | 293 |
| 5. | മതബോധനം | 298 |
| 6. | സെമിനാരി വാർത്തകൾ | 303 |
| 7. | ചെറുപുഷ്പ മിഷൻലീഗ് | 304 |
| 8. | അൽഫോൻസ പാലിയേറ്റീവ് കെയർ | 306 |
| 9. | ക്രിസ്റ്റീൻ മിനിസ്ട്രി | 306 |
| 10. | ലിറ്റർജി കമ്മീഷൻ | 308 |
| 11. | വൊക്കേഷൻ ബ്യൂറോ | 309 |
| 12. | കുടുംബകൂട്ടായ്മ | 309 |
| 13. | മാതൃവേദി | 310 |
| 14. | മദ്യവിരുദ്ധ സമിതി | 311 |
| 15. | കരിസ്മാറ്റിക് മൂവ്മെന്റ് | 313 |
| 16. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 315 |
| 17. | ഫാമിലി അപ്പോസ്തലേറ്റ് | 316 |
| 18. | മരിയൻ പ്രോലൈഫ് | 317 |
| 19. | കെ.സി.വൈ.എം. | 318 |
| 20. | സ്റ്റാർട്ട് | 323 |
| 21. | വികസനവേദി | 323 |
| 22. | ആൽഫ മരിയ അക്കാദമി | 325 |
| 23. | യേശുനിധി | 327 |
| 24. | അജപാലനക്കുറിപ്പുകൾ | 328 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Panackapilly John | May | 3 |
| Machukuzhiyil Augustine | | 3 |
| Mundackal George | | 3 |
| Vadakkel Sebastian | | 4 |
| Chemparathickal George | | 4 |
| Koothur Jacob | | 12 |
| Valliamthadathil John | | 12 |
| Kuzhimattathil James | | 13 |
| Pulthakidiyel James | | 13 |
| Thayyil Kuriakose | | 17 |
| Kandathil Vincent | | 19 |
| Kochukipayil Kuriakose | | 21 |
| Thandamparambil Joseph | | 25 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Chakkummoottil Philip | May | 3 |
| Valliamthadathil John | | 16 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം മെയ് 2019

| | | |
|---|---|---|
| 02 | വ്യാഴം | വി. അത്തനേഷ്യസ് |
| 03 | വെള്ളി | ബഥാനിയ : ജാഗരണപ്രാർത്ഥന |
| 04 | ശനി | **വൈദികരുടെ സ്ഥലം മാറ്റം** |
| | | ബഥാനിയ: യുവജന ധ്യാനം (4-8) |
| | | കെ.സി.വൈ.എം.: തോമസ് മൂർ ഫുട്ബോൾ, ക്രിക്കറ്റ് ടൂർണമെന്റ് |
| 05 | ഞായർ | ജീസസ്സ് യൂത്ത്: കൗൺസിൽ മീറ്റിംഗ്, ഹൗസ് ഹോൾ തിരുവമ്പാടി |
| 06 | തിങ്കൾ | വി. ഡൊമിനിക് സാവിയോ, പ്രീ-കാനാ കോഴ്സ് (6-9) |
| | | ക്രിസ്റ്റീൻ: എഫാത്ത ട്രെയിനിംഗ് പ്രോഗ്രാം (6-10) |
| 07 | ചൊവ്വ | ജീസസ്സ് യൂത്ത്: സോണൽ ഇന്റർസെഷൻ |
| 11 | ശനി | **പാസ്റ്ററൽ കൗൺസിൽ** |
| | | മതബോധനം: രൂപതാ മതബോധന കമ്മിറ്റി |
| | | PBI: Class for Advanced Diploma Course in Theology |
| | | ബഥാനിയ: ഹൈസ്കൂൾ കുട്ടികളുടെ ധ്യാനം (11-15) |
| | | ജീസസ്സ് യൂത്ത്: സോണൽ വൺഡേ |
| 12 | ഞായർ | ജീസസ്സ് യൂത്ത്: സ്റ്റുവേർഡ്ഷിപ്പ് 6 |
| 14 | ചൊവ്വ | വി. മത്തിയാസ് ശ്ലീഹാ |
| 18 | ശനി | മാർ അദ്ദായി |
| | | ബഥാനിയ: യി.പി. സ്കൂൾ കുട്ടികളുടെ ധ്യാനം (18-22) |
| 19 | ഞായർ | ജീസസ്സ് യൂത്ത്: കാമ്പസ് & ടീൻസ് ടീം മീറ്റിംഗ് |
| 22 | ബുധൻ | കോർഡിനേഷൻ കമ്മിറ്റി മീറ്റിംഗ് |
| 25 | ശനി | ചരമദിനം: ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ |
| | | മലബാർ വിഷൻ എഡിറ്റോറിയൽ മീറ്റിംഗ് |
| | | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവധ്യാനം (25-30) |
| | | ക്രിസ്റ്റീൻ: എൻഫുഗോ മീറ്റ് (25-26) |
| 26 | ഞായർ | ചരമദിനം: ഫാ. ജോർജ് താമരശ്ശേരി |
| | | ജീസസ്സ് യൂത്ത്: എമ്മാവൂസ് കോഴ്സ് ബാച്ച് 3 സെഷൻ |
| 28 | ചൊവ്വ | ഫൊറോന വികാരിമാരുടെ മീറ്റിംഗ് |
| 30 | വ്യാഴം | **സ്വർഗ്ഗാരോഹണ തിരുനാൾ** (കടമുള്ള ദിവസം) |
| 31 | വെള്ളി | പരി. കന്യകാമറിയത്തിന്റെ സന്ദർശനം |
| | | ജീസസ്സ് യൂത്ത്: ട്രാൻസീഷൻ റിട്രീറ്റ് |

Ref: 3189/K-5/KCBC/OL/DS

# 2019 ലോക ദൈവവിളിദിന സന്ദേശം

## *ദൈവിക വാഗ്ദാനത്തെ സംബന്ധിച്ച് അപകട സാധ്യത ഏറ്റെടുക്കാനുള്ള ധീരത*

പ്രിയ സഹോദരീസഹോദരന്മാരേ,

കഴിഞ്ഞ ഒക്ടോബറിൽ യുവജനങ്ങൾക്കുവേണ്ടി നടത്തിയ സിനഡിന്റെ സജീവവും ഫലദായകവുമായ അനുഭവത്തിനുശേഷം പനാമാ നഗരത്തിൽ വച്ച് അടുത്തകാലത്ത്, മുപ്പത്തിനാലാം ലോകയുവജനദിനം നമ്മൾ ആഘോഷിച്ചു. ഈ രണ്ട് മഹാസംഭവങ്ങളും പരിശുദ്ധാത്മാവിന്റെ ശബ്ദത്തെയും യുവതീയുവാക്കളുടെ ജീവിതത്തെയും അവരുടെ ചോദ്യങ്ങളെയും താത്പര്യങ്ങളെയും പ്രശ്നങ്ങളെയും പ്രതീക്ഷകളെയും ശ്രദ്ധിക്കാൻ സഭയെ അനുവദിച്ചു.

പനാമയിൽ യുവജനങ്ങളുമായി പങ്കുവച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ, ദൈവവിളിക്കായുള്ള പ്രാർത്ഥനയുടെ ഈ ലോകദിനത്തിൽ, കർത്താവിന്റെ വിളി നമ്മെ എങ്ങനെ വാഗ്ദാനത്തിന്റെ സംവാഹകരാക്കുന്നുവെന്നു ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതേ സമയം അവിടത്തോടു കൂടെയും അവിടത്തേക്കുവേണ്ടിയും അപകടസാധ്യത ഏറ്റെടുക്കാനുള്ള ധീരതയെപ്പറ്റി ചിന്തിക്കാനും ആഗ്രഹിക്കുന്നു. നിങ്ങളോടൊപ്പം രണ്ടു വശങ്ങളെപ്പറ്റി - വാഗ്ദാനം അപകടസാധ്യത എന്നിവയെപ്പറ്റി -ചുരുക്കത്തിൽ ചിന്തിച്ചുകൊണ്ട് അങ്ങനെ ചെയ്യാം. കാരണം അവ രണ്ടും ആദ്യശിഷ്യരെ ഗലീലിക്കടൽത്തീരത്തുവച്ചു വിളിച്ചതിനെക്കുറിച്ചുള്ള സുവിശേഷവിവരണത്തിൽ കാണാം (മർക്കോ 1:16-20).

രണ്ടു ഇരട്ട സഹോദരന്മാരെ - ശിമയോനും അന്ത്രയോസും, യാക്കോബും യോഹന്നാനും - തങ്ങളുടെ അനുദിന തൊഴിലായ മീൻപിടുത്തത്തിനു പോകുന്നു. ത്യാഗം ആവശ്യപ്പെടുന്ന ഈ ജോലിയിൽ അവർ പ്രകൃതി നിയമങ്ങൾ പഠിച്ചു. എന്നാലും കാറ്റ് അനുകൂലമല്ലാത്തപ്പോഴും തിരമാലകൾ വള്ളങ്ങളെ കുലുക്കിയപ്പോഴും പ്രകൃതിശക്തികളെ വെല്ലുവിളിക്കേണ്ടി വന്നു. ചില ദിവസങ്ങളിൽ മീൻപിടുത്തം അവരുടെ പരിശ്രമങ്ങൾക്ക് ധാരാളം പ്രതിഫലം നല്കി. എന്നാൽ മറ്റു ദിവസങ്ങളിൽ രാത്രി മുഴുവനുമുള്ള അധ്വാനവും അവരുടെ വലകൾ നിറച്ചില്ല. ക്ഷീണിച്ചും നിരാശരായും കടൽത്തീരത്തേക്കു തിരിച്ചുപോകേണ്ടിവന്നു.

ജീവിതത്തിലെ മിക്കതും ഇതുപോലെയാണ്. നമ്മിൽ ഓരോരുത്തരും അത്യഗാധമായ ആഗ്രഹങ്ങൾ സാക്ഷാത്കരിക്കാൻ പരിശ്രമിക്കുന്നു. സമ്പന്നരാക്കുമെന്നു കരുതുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ശരിയായ വഴി

യിൽ മുന്നേറാനുള്ള പ്രത്യാശയുടെ "കടൽ" സഞ്ചാരം നടത്തുന്നു. സന്തോഷത്തിനായുള്ള നമ്മുടെ ദാഹത്തെ തൃപ്തിപ്പെടുത്താനുള്ള വഴി തന്നെ. ചിലപ്പോൾ നാം ധാരാളം മീൻപിടിച്ചു സന്തോഷിക്കുന്നു. ചിലപ്പോൾ വള്ളത്തെ തിരമാല കുലുക്കാതിരിക്കാൻ ധീരതയുണ്ടായിരിക്കണം. അല്ലെങ്കിൽ വലയിൽ ഒന്നുമില്ലാതെ ഉയരുന്നതു കണ്ടു നിരാശപ്പെടേണ്ടി വരും.

ഓരോ വിളിയെ സംബന്ധിച്ചും ഒരു കണ്ടുമുട്ടലിനെപ്പറ്റി സുവിശേഷം പറയുന്നു. യേശു അടുത്തുകൂടെ കടന്നുപോകുന്നു, മീൻപിടിത്തക്കാരെ കാണുന്നു, അവരുടെയടുക്കലേക്കു നടന്നുചെല്ലുന്നു. നാം വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തിയെ കണ്ടുമുട്ടുമ്പോഴും അല്ലെങ്കിൽ സമർപ്പിത ജീവിതത്തിന്റെ ആകർഷണം തോന്നിയപ്പോഴും ഇതുതന്നെ സംഭവിച്ചു: നമ്മൾ കണ്ടുമുട്ടലിൽ വിസ്മയിച്ചു. നമ്മുടെ ജീവിതത്തെ പൂർണതയിലെത്തിക്കാൻ കഴിയുന്ന സന്തോഷത്തിന്റെ വാഗ്ദാനത്തെ ആ നിമിഷത്തിൽ കണ്ടു. ആ ദിവസം ഗലീലിക്കടലിന്റെ തീരത്ത് യേശു ആ മീൻപിടുത്തക്കാരെ സമീപിച്ചു. "അന്നു കർമങ്ങളുടെ മരവിപ്പിക്കൽ" തകർത്തുകൊണ്ട് അങ്ങനെ ചെയ്തു (22-ാം സമർപ്പിത ജീവിത ദിനാഘോഷപ്രഭാഷണം, 2 ഫെ. 2018). അവിടന്ന് പെട്ടെന്ന് അവരോട് വാഗ്ദാനം ചെയ്തു: ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും" (മർക്കോ 1:17).

കർത്താവിന്റെ വിളി നമ്മുടെ സ്വാതന്ത്ര്യത്തിലേക്കുള്ള ദൈവത്തിന്റെ ആക്രമിച്ചുകടക്കലല്ല. അത് ചുമക്കേണ്ടി വരുന്ന "പെട്ടി"യോ ഭാരമോ അല്ല. നേരെ മറിച്ച് സ്നേഹപൂർണമായ തുടക്കമാണ്. അതുവഴി ദൈവം നമ്മെ കണ്ടുമുട്ടുകയും വലിയൊരു സംരംഭത്തിൽ പങ്കുകാരാകാൻ ക്ഷണിക്കുകയും ചെയ്യുന്നു. അവിടന്ന് നമ്മുടെ കൺമുമ്പിൽ കൂടുതൽ വലിയ കടലിന്റെ ചക്രവാളവും സമൃദ്ധമായ മീൻപിടിത്തവും തുറന്നുകാണിക്കുന്നു.

നമ്മുടെ ജീവിതം നിസ്സാരവും പ്രവചനീയവും അനുദിന ജോലികൊണ്ട് ബന്ധിതവും അതിന് അർത്ഥം നല്കുന്ന തീരുമാനങ്ങൾക്കു മുമ്പ് ഉത്തരം പറയാത്തതും ആയിരിക്കരുതെന്ന് യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നു. പടപൊരുതാൻ യോഗ്യതയുള്ള ഒന്നുമില്ലെന്നു കരുതി നവീനവും ഉദ്വേഗജനകവുമായ വഴികളിലൂടെ പുറപ്പെടാനുള്ള ആഗ്രഹം സാവധാനം നഷ്ടപ്പെട്ട് അനുദിനജവിതം നാം നയിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നില്ല. ചിലപ്പോൾ വിസ്മയനീയമായ മീൻപിടുത്തത്തിന്റെ അനുഭവം നമുക്കു നല്കുന്നു. കാരണം, മഹത്തായ ഒരു കാര്യത്തിലേക്കു നമ്മെ - വിവിധ വഴികളിലൂടെ - വിളിക്കുന്നുണ്ടെന്ന് നാം മനസ്സിലാക്കാൻ അവിടന്നു ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതം ഹൃദയത്തെ മന്ദീഭവിപ്പിക്കുന്ന തളർച്ചയാകുന്ന വലകളിൽ കുടുങ്ങിക്കിടന്നു വളരാൻ ഇടവരാതിരിക്കാൻ തന്നെ. ഓരോ വിളിയും വല കൈയിൽ പിടിച്ച് കായൽത്തീരത്തു നില്കാതിരിക്കാനുള്ള ആഹ്വാനമാണ്. യേശു നമുക്കുവേണ്ടി അടയാളപ്പെടുത്തിയ - നമ്മുടെ സന്തോഷത്തിനും നമുക്കു ചുറ്റുമുള്ളവരുടെ നന്മയ്ക്കുംവേണ്ടി - വഴികളിലൂടെ യേശുവിനെ പിന്തുടരാനുള്ള വിളിയാണ്.

ഈ വാഗ്ദാനം സ്വീകരിക്കുകയെന്നത് സ്വാഭാവികമായി ഒരു തീരുമാന മെടുത്തുകൊണ്ട് അപകടസാധ്യത നേടാനുള്ള ധീരതയെ ആവശ്യപ്പെടുന്നു. വലിയ കാര്യത്തിൽ പങ്കുകാരാകാൻവേണ്ടി യേശു വിളിച്ച ആദ്യത്തെ ശിഷ്യ ന്മാർ "പെട്ടെന്ന് വല ഉപേക്ഷിച്ച് അവിടത്തെ പിന്തുടർന്നു" (മർക്കോ 1:18). കർത്താവിന്റെ വിളിയോടു പ്രത്യുത്തരിക്കാൻ വലിയ വെല്ലുവിളി നേരിടാൻ തയ്യാറാവുകയും നേരിടുകയും വേണം. നമ്മുടെ ചെറിയ ബോട്ടുമായി ബന്ധി പ്പിക്കുന്നതും സുനിശ്ചിതമായ തീരുമാനമെടുക്കുന്നതിൽ നിന്നു തടയുന്നതു മായ എല്ലാം ഉപേക്ഷിക്കണമെന്നാണ് ഇതിന്റെ അർത്ഥം. നമ്മുടെ ജീവിത ത്തെപ്പറ്റി ദൈവത്തിനുള്ള പദ്ധതി അന്വേഷിക്കുന്നതിൽ ധീരതയും ദൃഢനി ശ്ചയവും ഉള്ളവരാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിളിയുടെ വിസ്തൃത മായ "സമുദ്രം" കണ്ടുകൊണ്ട് നമുക്കു സുരക്ഷിതത്വം തരുന്ന വഞ്ചിയിൽ വലകൾ നന്നാക്കിക്കൊണ്ട് തൃപ്തരായി കഴിയാൻ നമുക്കു സാധ്യമല്ല. പിന്നെയോ കർത്താവിന്റെ വാഗ്ദാനത്തിൽ വിശ്വസിച്ച് ആശ്രയിക്കണം.

ഒന്നാമതായി ക്രൈസ്തവജീവിതത്തിലേക്കുള്ള ദൈവവിളിയെപ്പറ്റി ഞാൻ ചിന്തിക്കുന്നു. ആ ദൈവവിളി മാമ്മോദീസയിൽ നമ്മൾ എല്ലാവരും സ്വീകരിച്ചു. നമ്മുടെ ജീവിതം ഒരു ഉടക്കുമുനയല്ല പിന്നെയോ ഒരു ദാനമാണ് എന്നു അതു നമ്മെ പഠിപ്പിക്കുന്നു: സഭയാകുന്ന വലിയ കുടുംബത്തിൽ ശേഖ രിക്കപ്പെട്ട ദൈവത്തിന്റെ പ്രിയപുത്രന്മാർക്കുള്ള ദാനം. സഭാത്മക സമൂഹത്തിൽ മാത്രമാണ് ക്രൈസ്തവജീവിതം ജനിക്കുകയും വികസിക്കുകയും ചെയ്യുന്നത് – പ്രത്യേകിച്ച്, ലിറ്റർജിയിലൂടെ. ലിറ്റർജി നമ്മെ ദൈവവചനത്തിലേക്കും കൂദാ ശകളുടെ കൃപാവരത്തിലേക്കും പ്രവേശിപ്പിക്കുന്നു. ബാല്യകാലം മുതൽ പ്രാർത്ഥ നയുടെ കാലവും സഹോദരപരമായ പങ്കുവയ്ക്കലും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അവ സാനം സഭ നമ്മുടെ മാതാവാണ്. കാരണം അവൾ നമ്മെ പുതിയജീവിതത്തി ലേക്കു കൊണ്ടുവരുകയും ക്രിസ്തുവിലേക്കു നയിക്കുകയും ചെയ്യും. അതു കൊണ്ട് നാം സഭയെ സ്നേഹിക്കണം. മാനുഷിക ദുർബലതയും പാപവും കൊണ്ട് അവളുടെ മുഖം വികലമാക്കപ്പെട്ടു കാണുമ്പോഴും അങ്ങനെ ചെയ്യ ണം. നാം സഭയെ എന്നെന്നും കൂടുതൽ സൗന്ദര്യവും പ്രകാശവും ഉള്ളവളാ ക്കാനുള്ള പരിശ്രമത്തിൽ സഹായിക്കണം. അങ്ങനെ ലോകത്തിന്റെ ദൈവസ്നേഹത്തിനുവേണ്ടി സാക്ഷ്യം വഹിക്കാൻ സഭയ്ക്കു കഴിയും.

അങ്ങനെ ക്രൈസ്തവജീവിതം ആ തീരുമാനങ്ങളിൽ പ്രകാശനം കാണുന്നു. നമ്മുടെ വ്യക്തിപരമായ യാത്രയ്ക്ക് കൃത്യമായ മാർഗനിർദേശം നല്കികൊണ്ട് നമ്മുടെ ലോകത്തിൽ ദൈവരാജ്യത്തിന്റെ വളർച്ചയ്ക്ക് സഹാ യിക്കുകയും ചെയ്യുന്നു. ക്രിസ്തുവിൽ വിവാഹം നടത്തുകയും കുടുംബത്തെ രൂപീകരിക്കുകയും ചെയ്യാനുള്ള തീരുമാനത്തെപ്പറ്റി ഞാൻ ചിന്തിക്കുന്നു. മറ്റുള്ള എല്ലാ ദൈവവിളിക്കുമെന്നപോലെ അത് ജോലിയോടും പ്രൊഫഷ ണൽ ജീവിതത്തോടും കൂടിയതാണ്. പരസ്നേഹത്തോടും ഐക്യദാർഢ്യ ത്തോടും സാമൂഹികവും രാഷ്ട്രീയവുമായ ഉത്തരവാദിത്വങ്ങളോടും മറ്റു പല

തിനോടും കൂടിയതാണത്. ഈ ദൈവവിളികൾ നമ്മെ നന്മ, സ്നേഹം, നീതി എന്നിവയുടെ ഒരു വാഗ്ദാനത്തിന്റെ വാഹകരാക്കുന്നു. നമുക്കുവേണ്ടി മാത്ര മല്ല നമ്മുടെ സമൂഹങ്ങൾക്കും സംസ്കാരങ്ങൾക്കും വേണ്ടി കൂടിയാണത്. അവയ്ക്ക് ധീരതയുള്ള ക്രൈസ്തവരെയും ദൈവരാജ്യത്തിന്റെ യഥാർത്ഥ സാക്ഷികളെയും ആവശ്യമാണ്.

കർത്താവിനെ കണ്ടുമുട്ടുമ്പോൾ സമർപ്പിതജീവിതത്തിലേക്കോ പൗരോ ഹിത്യത്തിലേക്കോ ഉള്ള ദൈവവിളിയുടെ ആകർഷകത്വം  അനുഭവപ്പെട്ടേ ക്കാം. നമ്മെ ഉത്തേജിപ്പിക്കാൻ കഴിവുള്ള ഒരു കണ്ടെത്തലാണത്. അതേസ മയം അത് നമ്മെ ഭയപ്പെടുത്തുകയും ചെയ്യുന്നു. സഭയിൽ മനുഷ്യരെപ്പിടി ക്കുന്നവരാകാൻ വിളിക്കപ്പെട്ടിരിക്കുന്നതായി നമുക്കു തോന്നും.  സുവിശേ ഷത്തിനും സഹോദരീസഹോദരന്മാർക്കും പൂർണമായി സമർപ്പിച്ചുകൊണ്ട് അങ്ങനെ ചെയ്യാൻ തന്നെ. അത്തരം ഒരു തീരുമാനം കർത്താവിനെ അനുഗ മിക്കാനും നമ്മെ പൂർണമായി അവിടത്തേക്കു സമർപ്പിക്കാനും അവിടത്തെ ജോലിയിൽ പങ്കുകാരാകാനും സർവവും ഉപേക്ഷിക്കുകയെന്ന ഒരു അപ കട സാധ്യതയുണ്ട്. ഈ തീരുമാനമെടുക്കുമ്പോൾ അനേകതരം ആന്തരിക തടസ്സങ്ങളും ഉണ്ടാകാം.  പ്രത്യേകിച്ച് വലിയ തോതിൽ സെക്കുലറായിട്ടുള്ള സാഹചര്യങ്ങളിൽ. അതിൽ ദൈവത്തിനും സുവിശേഷത്തിനും സ്ഥാനമി ല്ലെന്നു തോന്നിപ്പോകുക. "നിരുത്സാഹം തോന്നാനും പ്രത്യാശ തളരാനും" സാധ്യതയുള്ള സാഹചര്യങ്ങളാണവ (വൈദികർ, സമർപ്പിതർ, അല്മായാ പ്രസ്ഥാനങ്ങൾ എന്നിവരോടൊപ്പമുള്ള കുർബാനയിലെ പ്രഭാഷണം, പനാമ, 26 ജനുവരി 2019).

എന്നാലും സ്വജീവൻ കർത്താവിനുവേണ്ടി അപകടസാധ്യതയിലെത്തി ക്കുന്നതിനെക്കാൾ വലിയ സന്തോഷം ഒരുവനുമില്ല. യുവജനങ്ങളായ നിങ്ങ ളോട് ഇത് പ്രത്യേകമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.  കർത്താവിന്റെ വിളിക്കുനേരെ ചെവിയടയ്ക്കരുത്. ഈ വഴി പിന്തുടരാൻ അവിടന്ന് നിങ്ങളെ വിളിക്കുന്നെങ്കിൽ തുഴ വഞ്ചിയിലിടരുത്. അവിടന്നിൽ വിശ്വസിക്കുക, ഭയ പ്പെടരുത്. കർത്താവ് ചൂണ്ടിക്കാണിക്കുന്ന വലിയ കയറ്റങ്ങൾക്കു മുമ്പിൽ ഭയം നമ്മെ തളർത്തിക്കളയും. വള്ളവും വലയും ഇട്ടുകളഞ്ഞിട്ട് കർത്താ വിനെ പിൻതുടരുന്നവർക്ക് ഹൃദയത്തെ നിറയ്ക്കുന്നതും യാത്രയെ സജീവ മാക്കുന്നതുമായ പുതുജീവന്റെ സന്തോഷം അവിടന്ന് വാഗ്ദാനം ചെയ്യുന്നു വെന്ന് എപ്പോഴും ഓർക്കുക.

പ്രിയ സുഹൃത്തുക്കളേ, നമ്മുടെ ദൈവവിളി തിരിച്ചറിയുകയും ജീവി തത്തെ നേർവഴിക്കു  നയിക്കാനും എപ്പോഴും എളുപ്പമല്ല. ഇക്കാരണത്താൽ മുഴുവൻ സഭയുടെയും ഭാഗത്തുനിന്ന് - വൈദികർ, സന്ന്യസ്തർ, അജപാല പ്രവർത്തകർ, വിദ്യാഭ്യാസപ്രവർത്തകർ എന്നിവരിൽ നിന്ന് നവീകൃതസമർപ്പ ണമുണ്ടാകണം. യുവജനങ്ങൾക്ക് കേൾക്കാനും തിരിച്ചറിയാനുമുള്ള പ്രത്യേക സൗകര്യങ്ങൾ നല്കുന്നതിനു തന്നെ. ഒരു യുവജനശുശ്രൂഷയും വിളി

വളർത്തലും ആവശ്യമാണ്. ദൈവിക പദ്ധതി കണ്ടെത്താനുള്ള വഴി തുറക്കാനാണത്: സർവോപരി പ്രാർത്ഥന, ദൈവവചന ധ്യാനം, ദിവ്യകാരുണ്യാരാധന, ആധ്യാത്മിക സഹഗമനം എന്നിവയിലൂടെ.

പനാമയിൽ നടന്ന ലോകയുവജനദിനാഘോഷത്തിൽ പലപ്രാവശ്യം പറഞ്ഞിട്ടുള്ളതുപോലെ നാം എപ്പോഴും മറിയത്തിലേക്കു നോക്കണം. ആ യുവതിക്കും ദൈവവിളി ഒരു വാഗ്ദാനവും അപകടസാധ്യതയുമായിരുന്നു. അവളുടെ ദൗത്യം എളുപ്പമുള്ളതായിരുന്നില്ല. എന്നാൽ ഭയം പ്രബലപ്പെടാൻ അവൾ അനുവദിച്ചില്ല. "സമർപ്പിക്കാൻ തയ്യാറായ ഒരാളുടെ സമ്മതം മൂളലായിരുന്നു അത്. അപകടസാധ്യത ഏറ്റെടുക്കാൻ ഇഷ്ടപ്പെട്ട തനിക്കുള്ളതെല്ലാം പരിത്യജിക്കാൻ തയ്യാറായ ഒരാളുടെ സമ്മതം മൂളൽ. താൻ ഒരു വാഗ്ദാനം വഹിക്കുന്നവളാണെന്ന് അറിയുന്നതിന്റെ തീർച്ചയല്ലാതെ മറ്റൊരു സെക്യൂരിറ്റിയും അവൾക്കുണ്ടായിരുന്നില്ല. ഞാൻ നിങ്ങളിൽ ഓരോരുത്തരോടും ചോദിക്കുന്നു: നിങ്ങൾ വാഗ്ദാനം വഹിക്കുന്നവരായി കാണുന്നുണ്ടോ? നടപ്പാക്കേണ്ട എന്തു വാഗ്ദാനമാണ് എന്റെ ഹൃദയത്തിലുള്ളത്? മറിയത്തിന്റെ ദൗത്യം തീർച്ചയായും പ്രയാസമുള്ള ഒന്നായിരുന്നു. പക്ഷേ മൂന്നിൽ കണ്ട വെല്ലുവിളികളൊന്നും സമ്മതമില്ല എന്നു പറയാൻ കാരണമായില്ല. തീർച്ചയായും കാര്യങ്ങൾ സങ്കീർണമായിത്തീരും. എന്നാൽ കാര്യങ്ങൾ വ്യക്തമല്ലാതിരിക്കുകയും മുൻകൂട്ടി സുനിശ്ചിതമാകാതിരിക്കുകയും ചെയ്യുമ്പോൾ ഭീരുത്വം നമ്മെ തളർത്തിക്കളയുന്ന രീതിയല്ല അങ്ങനെയായിരിക്കുന്നത് (യുവജനങ്ങളോടൊപ്പമുള്ള ജാഗരണം, പനാമ 26 ജനുവരി 2019).

ദൈവവിളിക്കായുള്ള ഈ ആഗോള പ്രാർത്ഥനാദിനത്തിൽ നമുക്ക് നമ്മുടെ ജീവിതത്തെ സംബന്ധിച്ച് കർത്താവിന്റെ സ്നേഹപദ്ധതി കണ്ടെത്താനും അവിടന്ന് നമുക്കു ഓരോരുത്തർക്കുമായി ആരംഭം മുതൽ നിശ്ചയിച്ചിട്ടുള്ള വഴിയിലൂടെ നടക്കാനുള്ള ധീരത നല്കാനായി അവിടത്തോട് നമുക്ക് ഒന്നിച്ചു പ്രാർത്ഥിക്കുകയും സഹായം യാചിക്കുകയും ചെയ്യാം.

**ഫ്രാൻസിസ് മാർപാപ്പാ**



# കച്ചേരിക്കാര്യം

## 1. വൈദികരുടെ സ്ഥലമാറ്റവും നിയമനവും

താഴെ പേരുകൊടുത്തിരിക്കുന്ന വൈദികരെ അവരുടെ പേരിനു നേരെയുള്ള സ്ഥലത്ത് 2019 മെയ് 5 മുതൽ രൂപതാദ്ധ്യക്ഷൻ നിയമിച്ചിരിക്കുന്നു.

**ബഹു. വൈദികർ:**

| | | |
|---|---|---|
| ചെമ്പുതൂക്കിൽ മാത്യു | : | വികാരി, വലിയകൊല്ലി |
| ചിലമ്പിക്കുന്നേൽ തോമസ് | : | വികാരി, കല്ലുരുട്ടി (അധിക ചുമതല) |
| ചിറ്റിലപ്പിള്ളി വർഗീസ് CSsR | : | അസി. വികാരി, കോടഞ്ചേരി |
| ചുണ്ടയിൽ ജോസഫ് | : | വികാരി, കോട്ടയ്ക്കൽ |
| ഇടക്കാട്ടിൽ ജോസഫ് | : | വികാരി, കൊണ്ടോട്ടി |
| കളരിപ്പറമ്പിൽ ജോൺ | : | വികാരി, ബാലുശ്ശേരി |
| കളത്തൂർ വർഗീസ് | : | വികാരി, മഞ്ചേരി |
| കണ്ടത്തിൽ വിൻസെന്റ് | : | വികാരി, ചക്കിട്ടപാറ |
| കണിവേലിൽ അഗസ്റ്റിൻ CMI | : | വികാരി, തേഞ്ഞിപ്പലം + പരപ്പനങ്ങാടി |
| കരോട്ടുഴുന്നാലിൽ ജോസ് | : | വികാരി, നെന്മേനി |
| കാവിൽ റോണി പോൾ | : | വികാരി, മാങ്കാവ് |
| കാവിൽപുരയിടത്തിൽ എബ്രഹാം | : | വൈസ് ചാൻസലർ, മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ |
| കിഴക്കരക്കാട്ട് സുധീപ് | : | വികാരി, കക്കാടംപൊയിൽ |
| കൊച്ചുപുരയിൽ കുര്യൻ OSFS | : | കുളത്തുവയൽ അസി. വികാരി ചുമതലയിൽ നിന്ന് വിടുതൽ |
| കൊച്ചുമുറിയിൽ തോമസ് | : | ആക്ടിംഗ് വികാരി, ചീരട്ടമല |
| കൊല്ലംപറമ്പിൽ മാത്യു | : | പി.ആർ.ഒ. + വികാരി, കുമ്പള്ളി (അധിക ചുമതല) |
| കൂനാനിക്കൽ ജോസഫ് | : | റെക്ടർ, കുളത്തുവയൽ (w.e.f.26.05.2019) |
| കോട്ടയ്ക്കൽ മാത്യു | : | അസി. വികാരി, പുഷ്പഗിരി |
| കുഴിക്കാട്ടുമ്യാലിൽ ജോസഫ് | : | അജപാലന ശുശ്രൂഷ രാമനാഥപുരം രൂപത |

| | | |
|---|---|---|
| കുഴിമറ്റത്തിൽ ജെയിംസ് | : | വികാരി, അശോകപുരം |
| കുഴിവേലിൽ ഡൊമിനിക് | : | അസി. ഡയറക്ടർ, ബഥാനിയ |
| മഞ്ഞക്കഴക്കുന്നേൽ ജോസഫ് | : | വികാരി, മഞ്ഞക്കുന്ന് |
| മാഞ്ഞാമറ്റം ജോൺ MST | : | പനംപ്ലാവ് വികാരി ചുമതലയിൽ നിന്ന് വിടുതൽ |
| മഴുവഞ്ചേരി അബ്രഹാം | : | വികാരി, കാളികാവ് |
| മുണ്ടക്കൽ ചാക്കോ | : | ആക്ടിംഗ് വികാരി, വാളൂക്ക് |
| മുണ്ടനാട്ട് ജോർജ് | : | ചാൻസലർ + സെക്രട്ടറി പി.പി.എഫ്. |
| മുട്ടത്തുകുടി ഡൊമിനിക് | : | വികാരി, തേക്കുംകുറ്റി + പാറത്തോട് |
| മുട്ടത്തുകുന്നേൽ വിൽസൺ | : | ഡയറക്ടർ, മെന്റൽ ഹെൽത്ത് പ്രമോഷൻ സെന്റർ, വേനപ്പാറ |
| നാഗപറമ്പിൽ തോമസ് | : | റെക്ടർ, കോടഞ്ചേരി |
| നെടുംമല സഖറിയാസ് | : | വികാരി, കൂരോട്ടുപാറ + മഞ്ഞുമല + നോട്ടറി |
| ഞാവള്ളിൽ ജോസ് | : | വികാരി, വടകര |
| പെരുവേലിൽ മാത്യു | : | വികാരി, കരുവാരകുണ്ട് |
| പ്ലാക്കൂട്ടത്തിൽ ജേക്കബ് | : | വികാരി, തിരൂർ |
| പൂതക്കുഴി ജോസഫ് | : | വികാരി, മുതുകാട് |
| പൊരിയത്ത് തോമസ് | : | വികാരി, പുല്ലൂരാംപാറ |
| പുളിച്ചമാക്കൽ ജോസഫ് | : | വികാരി, കട്ടാങ്കൽ + അസി. ഡയറക്ടർ ആൽഫ |
| പുളിക്കൽ സെബാസ്റ്റ്യൻ | : | ഡയറക്ടർ, ബഥാനിയ (w.e.f.16.06.2019) |
| പുളിമൂട്ടിൽ മാത്യു Sr. | : | ഫിനാൻസ് ഓഫീസർ |
| പുള്ളോലിക്കൽ മാത്യു | : | വികാരി, വാലില്ലാപ്പുഴ |
| പുരയിടത്തിൽ സെബാസ്റ്റ്യൻ | : | ആനിമേറ്റർ, ഡിഗ്രി ബ്രദേഴ്സ് (അധിക ചുമതല) |
| പുത്തോട്ടുപടവിൽ ജോസഫ് | : | വികാരി, പാത്തിപ്പാറ |
| പുതിയേടത്ത് ഫ്രാൻസിസ് | : | വികാരി, കുളിരാമുട്ടി |
| തകിടിയേൽ മാത്യു | : | വികാരി, വിലങ്ങാട് |
| തലച്ചിറക്കുഴി കുര്യൻ | : | ഡയറക്ടർ, ഒയാസിസ് സീനിയർ കെയർ ഹോം |

| | | |
|---|---|---|
| താണ്ടാപറമ്പിൽ ജോസഫ് | : | വികാരി, ചാപ്പൻതോട്ടം + പി.ടി. ചാക്കോ നഗർ |
| തേക്കനാത്ത് ദേവസി CSsR | : | അസി. വികാരി കത്തീഡ്രൽ |
| തെക്കേക്കരമറ്റത്തിൽ ജോർജ് | : | വികാരി, വയലിട (അധികചുമതല) |
| തേവടിയിൽ തോമസ് | : | വികാരി, നൂറാംതോട് |
| വള്ളിയാംതടത്തിൽ ജോൺ | : | വികാരി, കട്ടിപ്പാറ |
| വള്ളിക്കുന്നേൽ ജെയിംസ് | : | വികാരി, പൂവാറൻതോട് |
| വള്ളോപ്പിള്ളി സൈമൺ | : | ബാലുശ്ശേരി വികാരി ചുമതലയിൽ നിന്ന് വിടുതൽ |
| വരകിൽ ആന്റണി | : | വികാരി, പനംപ്ലാവ് |
| വയലിൽ അബ്രാഹം | : | ജുഡിഷ്യൽ വികാരി + വികാരി, പുഷ്പഗിരി |
| വെള്ളയ്ക്കാക്കുടിയിൽ ജോർജ് | : | അസി. ഡയറക്ടർ, കത്തോലിക്ക കോൺഗ്രസ് (അധിക ചുമതല) |
| വെള്ളമ്മാക്കൽ ഫ്രാൻസിസ് | : | വികാരി, മാലാപറമ്പ് |

## 2. വികാരിമാരുടെ സ്ഥലംമാറ്റ റിപ്പോർട്ട്

ബഹു. വികാരിമാരുടെ സ്ഥലം മാറ്റത്തോടനുബന്ധിച്ച് ഇടവകയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി റിപ്പോർട്ടിന്റെ മാതൃക നൽകിയിരുന്നല്ലോ. സ്ഥലമാറ്റമുള്ള എല്ലാ ബഹു. വികാരിമാരും നൽകിയിരിക്കുന്ന മാതൃകയിൽ റിപ്പോർട്ടിന്റെ രണ്ട് കോപ്പി തയ്യാറാക്കുകയും അത് നടത്തുകൈക്കാരനെ ഏൽപ്പിച്ച് പോകേണ്ടതുമാണ്. ഇടവകയിൽ പുതുതായി ചാർജെടുക്കുന്ന ബഹു. വികാരിയച്ചൻ നടത്തുകൈക്കാരനിൽ നിന്ന് റിപ്പോർട്ടും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന സാധനങ്ങളും കൈപ്പറ്റിയതിനുശേഷം മുൻവികാരി തയ്യാറാക്കിയിരിക്കുന്ന റിപ്പോർട്ടിൽ ഒപ്പുവച്ച് ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ടിന്റെ ഒരു കോപ്പി രൂപതാകാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. ഒരു കോപ്പി ഇടവകയുടെ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 3. പാസ്റ്ററൽ കൗൺസിൽ

പത്താമത് പാസ്റ്ററൽ കൗൺസിലിന്റെ ആറാമത് സമ്മേളനം മെയ് 11-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് രൂപതാഭവനിൽ വച്ച് ചേരുന്നതാണ്. അംഗങ്ങൾ എല്ലാവരും യോഗത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### 4. പ്രസ്ബിറ്ററൽ കൗൺസിൽ

പത്താമത് വൈദിക സമിതിയുടെ അടുത്ത സമ്മേളനം 2019 ജൂൺ 18-ാം തീയതി ചൊവ്വാഴ്ച 10.30 ന് രൂപതാഭവനിൽ വച്ച് നടത്തുന്നു. ബഹു. അംഗങ്ങൾ എല്ലാവരും സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

### 5. അഭിനന്ദനങ്ങൾ

ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപതയുടെ സിഞ്ചെല്ലൂസായി നിയമിതനായിരിക്കുന്ന മോൺ. ജോർജ് ചേലക്കൽ അച്ചന് രൂപതയുടെ അഭിനന്ദനങ്ങൾ. പുതിയ ഉത്തരവാദിത്ത നിർവ്വഹണത്തിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

### 6. നന്ദി, സ്വാഗതം

രൂപതയുടെ അജപാലന പ്രവർത്തനങ്ങളിൽ നിന്ന് പുതിയ സേവന രംഗത്തേയ്ക്ക് മാറിപ്പോകുന്ന പനംപ്ലാവ് വികാരിയായിരുന്ന **ബഹു. മാഞ്ഞാമറ്റം ജോൺ എം.എസ്.ടി.**, കുളത്തുവയൽ അസി. വികാരിയായിരുന്ന **ബഹു. കൊച്ചുപുരയിൽ കുര്യൻ ഒ.എസ്.എഫ്.എസ്.**, എന്നീ ബഹു. വൈദികർക്ക് രൂപതാസമൂഹത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

രൂപതയുടെ അജപാലന ശുശ്രൂഷയിലേക്ക് കടന്നുവന്നിരിക്കുന്ന ദിവ്യരക്ഷക സന്യാസസമൂഹാംഗങ്ങളായ **ബഹു. ചിറ്റിലപ്പിള്ളി വർഗീസ്, ബഹു. തേയ്ക്കാനാത്ത് ദേവസി** എന്നീ വൈദികർക്ക് രൂപതാകൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം.

### 7. ആദരാഞ്ജലികൾ

ബഹു. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിലച്ചന്റെ പിതവ് **ആന്റണി ചെമ്പുകണ്ടത്തിൽ** (81) 2019 ഏപ്രിൽ 24-ാം തീയതി തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 25-ാം തീയതി മാനന്തവാടി രൂപതയിലെ നരിവാലമുണ്ട ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിലച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

താമരശ്ശേരി പ്രൊവിൻസ് തിരുഹൃദയ സന്യാസിനി സമൂഹാംഗം **സി. സ്റ്റെല്ല മരിയ (81)** 2019 ഏപ്രിൽ 24 ന് തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 25-ാം തീയതി ഉച്ചകഴിഞ്ഞ് കുളത്തുവയൽ സെന്റ് ജോർജ് ഇടവക

യിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് പെരിയ ബഹു. മോൺ. ജോൺ ഒറവുങ്കര കാർമ്മികത്വം വഹിച്ചു. ബഹു. സഹോദരിയുടെ വേർപാടിൽ രൂപതാ കുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മാശാന്തിയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നു.

**8. സ്മരണാഞ്ജലി**

| | | |
|---|---|---|
| 5-05-2002 | - | റവ. ഫാ. ജോസഫ് മാടക്കച്ചേരി |
| 06-05-1991 | - | റവ. ഫാ. അബ്രാഹം കവളക്കാട്ട് |
| **13-05-2007** | **-** | **റവ. ഫാ. ജോസഫ് മാമ്പുഴ** |
| 16-05-1984 | - | മോൺ. ജേക്കബ് പുത്തേട്ട് |
| 22-05-1992 | - | മോൺ. തോമസ് പഴേപറമ്പിൽ |
| 24-05-1997 | - | റവ. ഫാ. മാത്യു നടുവിലേക്കുറ്റ് |
| **25-05-2003** | **-** | **റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ** |
| **26-05-2008** | **-** | **റവ. ഫാ. ജോർജ് താമരശ്ശേരി** |

**പ്രോട്ടോസിഞ്ചെല്ലൂസ്**



# മതബോധനം

വിശ്വാസ പരിശീലന കാര്യാലയത്തിൽ നിന്നും ആശംസകൾ!

പഠനത്തിന്റെയും പരീക്ഷയുടെയും തിരക്കുകൾ കഴിഞ്ഞ് അവധിക്കാലത്തിന്റെ ആഘോഷദിനങ്ങൾ വന്നു ചേർന്നിരിക്കുകയാണ്. കൂട്ടുകാരൊത്ത് ഉല്ലസിക്കാനും ബന്ധുഭവനങ്ങൾ സന്ദർശിക്കുവാനുമെല്ലാം ലഭിക്കുന്ന സുവർണാവസരം. കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയ വയിൽ സമയം ചിലവഴിക്കുന്നതിനേക്കാൾ ഉപരിയായി മറ്റുള്ളവരുമായി നല്ല സമ്പർക്കം പുലർത്തി നമ്മുടെ ബന്ധങ്ങൾ കൂടുതൽ ഊഷ്മളമാക്കാം. അതോടൊപ്പം തന്നെ പരിശുദ്ധ അമ്മയുടെ വണക്കത്തിനായി പ്രത്യേകം മാറ്റിവയ്ക്കപ്പെട്ട മാസമാണ് മെയ് മാസം. തലമുറകളായി പൂർവ്വികരിലൂടെ നമുക്ക് ലഭിച്ച ശക്തമായ ഒരു വിശ്വാസ പാരമ്പര്യമാണ് വണക്കമാസ ഭക്തി. പരിശുദ്ധ അമ്മയുടെ രൂപം പ്രത്യേകമായി അലങ്കരിക്കുകയും വണക്കമാസ പ്രാർത്ഥന മുടക്കം കൂടാതെ ചൊല്ലാനും ജപമാല ഭക്തിയിൽ കൂടുതൽ വളരാനും കുട്ടികളെ ഓർമ്മപ്പെടുത്താം. വി. കുർബാനയുടെ സ്ത്രീ എന്നു വിശേഷിപ്പിക്കുന്ന പരിശുദ്ധ അമ്മയിൽ ശരണം പ്രാപിച്ച്, അമ്മയുടെ ഇടപെടൽ കൂടുതൽ അനുഭവിച്ചറിഞ്ഞ് നോമ്പുകാലത്ത് നാം പരിശീലിച്ച പുണ്യങ്ങളിൽ അഭിവൃദ്ധിപ്രാപിക്കാൻ നമുക്കു സാധിക്കട്ടെ. എല്ലാവർക്കും നല്ല അവധിക്കാലം ആശംസിക്കുന്നു.

### പ്രതിഭാസംഗമം ഏഴാം ക്ലാസ്

ഈ അദ്ധ്യയന വർഷത്തെ ഏഴാം ക്ലാസിലെ കുട്ടികളുടെ പ്രതിഭാസംഗമം മാർച്ച് 30, 31 തിയതികളിൽ പി.എം.ഒ.സി. യിൽ വച്ച് നടക്കുകയുണ്ടായി. അഭിവന്ദ്യ റെമീജിയോസ് പിതാവ് ഉദ്ഘാടനം നിർവ്വഹിച്ച സംഗമത്തിൽ രൂപതയിലെ 11 ഫൊറോനകളിൽ നിന്നായി 54 കുട്ടികൾ പങ്കെടുത്തു. അഗ്സ എലിസബത്ത് ഷൈജൻ ചെമ്പരത്തിക്കൽ (കരുവാരകുണ്ട്), റോസ് മേരി അഗസ്റ്റിൻ തലച്ചിറ (ചക്കിട്ടപ്പാറ), കാതറിൻ പോൾ കൂവണ്ണിൽ (ദേവഗിരി), റിയോ എസ്. മാത്യു പൈകയിൽ (വേനപ്പാറ), നവനീത് ഫിലിപ്പ് നെടുംപുറം (പാറോപ്പടി), അലക്സ് ഡെന്നീസ് ചമ്പക്കര (പൂതംപാറ) എന്നിവർ മെയ് 11, 12, 13 തിയതികളിൽ കാക്കനാട് സീറോമലബാർ സഭാ കാര്യാലയത്തിൽ വച്ചു നടക്കുന്ന സഭാതല സംഗമത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. മതബോധന ഡയറക്ടറെ ക്കൂടാതെ ജേക്കബ് കോച്ചേരി, ഹരിത ജോൺസൺ എന്നിവർ സംഗമത്തിന് നേതൃത്വം നൽകി. സമാപന സമ്മേളനത്തിൽ വച്ച് പി.എം.ഒ.സി ഡയറക്ടർ റവ. ഫാ. ജോർജ് കളപ്പുരയ്ക്കൽ വിജയികൾ ക്കുള്ള മെമന്റോയും സമ്മാ നങ്ങളും വിതരണം ചെയ്തു.

### വിശ്വാസോത്സവം 2019

ഏപ്രിൽ 01 മുതൽ 04 വരെ രൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലും വിശ്വാസോത്സവം നടക്കുകയുണ്ടായി. ഈ ദിനങ്ങൾ മനോഹരമാക്കാൻ

അദ്ധ്യാനിച്ച വികാരിയച്ചന്മാർക്കും എല്ലാ മതാധ്യാ പകർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

### മതബോധന വാർഷിക പരീക്ഷ

2018-2019 അധ്യയന വർഷത്തിലെ സൺഡേ സ്കൂൾ വാർഷിക പരീക്ഷ ഏപ്രിൽ 07 ഞായറാഴ്ച രാവിലെ 8.30 മുതൽ 10.30 വരെ രൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലും നടക്കുകയുണ്ടായി.

### പ്രൊമോഷൻ ലിസ്റ്റ്

2018-2019 അദ്ധ്യയന വർഷത്തെ പ്രൊമോഷൻ ലിസ്റ്റ് 2019 മെയ് 5 ന് ഇടവകയിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

### സേ പരീക്ഷ

വാർഷിക പരീക്ഷയിൽ പരാജയപ്പെട്ട/ എഴുതാത്ത കുട്ടികൾക്കായി അടുത്ത അധ്യയന വർഷം തുടങ്ങുന്നതിനു മുൻപ് (ജൂൺ 02- നു മുൻപ്) ഇടവക തലത്തിൽ ചോദ്യപേപ്പർ തയ്യാറാക്കി സേ (Save an Year) പരീക്ഷ നടത്തേണ്ടതാണ്.

### മതബോധന സ്കോളർഷിപ്പ് പരീക്ഷ

04 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 11 വ്യാഴാഴ്ച രാവിലെ 09 മുതൽ 11 മണി വരെ മേഖലകളിൽ വച്ച് നടക്കുകയുണ്ടായി.

### രൂപതാ സ്കോളർഷിപ്പ് വിജയികൾ

#### ക്ലാസ് 04

1st Prize : സാൽമിയ സുജി കയറ്റുതറ - മുതുകാട്
2nd Prize : സെലസ്റ്റ ആൻ മാത്യൂസ് കണ്ടൻകേരിൽ - കരുവാരകുണ്ട്
3rd Prize : ആബേൽ ക്രിസ് ജോസഫ് അരിക്കത്തിൽ - തിരൂർ
3rd Prize : എൽറോയി രാജേഷ് പാറത്തലക്കൽ - കണ്ണോത്ത്

#### ക്ലാസ് 07

1st Prize : സ്നേഹ മരിയ പുത്തൂർ - മഞ്ചേരി
2nd Prize : നവ്യ ആൻ സിബി മഠത്തിപ്പറമ്പിൽ - ഈങ്ങാപ്പുഴ
3rd Prize : നേഹ എലിസബത്ത് വിപിൻ മഞ്ഞക്കുന്നേൽ - തിരുവമ്പാടി

#### ക്ലാസ് 10

1st Prize : അപർണ തോമസ് തറക്കുന്നേൽ - തോട്ടുമുക്കം
2nd Prize : ഏയ്ഞ്ചൽ ജോർജ് പുല്ലൻകണ്ണപ്പള്ളി - പേരാമ്പ്ര
3rd Prize : ദർശന ജോസ് മൂക്കിലിക്കാട്ട് - കൂടരഞ്ഞി

## EDUCO 2019

സ്പിരിചൽ എക്സലൻസിനൊപ്പം അക്കാദമിക് എക്സലൻസ് കുട്ടികളിൽ വളർത്തുക എന്ന ഉദ്ദേശത്തോടുകൂടി രൂപതാധ്യക്ഷന്റെ നിർദ്ദേശപ്രകാരം നടത്തുന്ന ക്വിസ് മത്സരത്തിന്റെ രൂപതാതല മത്സരം ഏപ്രിൽ 13-ന് പി.എം.ഒ.സി യിൽ വച്ച് നടക്കുകയുണ്ടായി. രൂപതയിലെ എല്ലാ ഫൊറോനകളിൽ നിന്നും രണ്ട് വിഭാഗങ്ങളിലായി 50 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. റവ. ഫാ. അജി പുതിയാപറമ്പിൽ മത്സരത്തിനു നേതൃത്വം നൽകി. ഹൈസ്കൂൾ വിഭാഗത്തിനും യൂ.പി. വിഭാഗത്തിനുമായി നടത്തിയ മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് ക്യാഷ് അവാർഡ്, സർട്ടിഫിക്കറ്റ്, മെമന്റോ എന്നിവ നൽകുകയുണ്ടായി.

രൂപതാതല മത്സര വിജയികൾ: **ഹൈസ്കൂൾ വിഭാഗം** 1st Prize: തമന്ന റോസ് ജോൺ കല്ലുങ്കൽ (പെരിന്തൽമണ്ണ), 2nd Prize: അപർണ തോമസ് തറക്കുന്നേൽ (തോട്ടുമുക്കം), 3rd Prize: എസ്തേർ ക്രിസ്റ്റി ഇലവുങ്കൽ (പടത്തുകടവ്). **യൂ.പി. വിഭാഗം** 1st Prize: ഡിയ ബിജു പരവര (മലപ്പുറം), 2nd Prize: ഡെയിൽ ജോൺ ചക്കുംമൂട്ടിൽ (കൂരോട്ടുപാറ), 3rd Prize: എത്സ റോസ് ഇടക്കര ( പുല്ലൂരാംപാറ).

### മതബോധന ലൈബ്രറി

കഴിഞ്ഞ വർഷത്തേതുപോലെ മതബോധന ലൈബ്രറിയിൽ ഈ വർഷവും അഞ്ച് പുതിയ പുസ്തകങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഈ വർഷം മതബോധന ലൈബ്രറിയിലേക്ക് മതബോധന കേന്ദ്രം നിർദ്ദേശിക്കുന്ന രണ്ട് പുസ്തകങ്ങൾ: 1 ദിവ്യകാരുണ്യ അത്ഭുതങ്ങൾ (വില: 160/-) 2. തിരുസഭാരാമത്തിലെ രക്തപുഷ്പങ്ങൾ (വില: 420/-). ഈ രണ്ടു പുസ്തകങ്ങൾ 425/- രൂപയ്ക്ക് മതബോധന ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

### ബൈബിൾ ചിത്രകഥകൾ

ബഹു. മൈക്കിൾ കാരിമറ്റം അച്ചൻ പുറത്തിറക്കിയ ബൈബിൾ ചിത്രകഥകളുടെ ഡി.വി.ഡികൾ മതബോധന ഓഫീസിൽ നിന്ന് ലഭ്യമാണ്. നൂറിൽ കൂടുതൽ കുട്ടികൾ ഉള്ള സൺഡേ സ്കൂളുകൾ നിർബന്ധമായും ഒരു സെറ്റ് ഡി.വി.ഡികൾ (8 എണ്ണം) വാങ്ങിക്കുകയും, ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. (വില 650/-).

### രൂപതാമതബോധന കമ്മറ്റി

അടുത്ത അദ്ധ്യയന വർഷത്തെ ആദ്യത്തെ രൂപതാമതബോധന കമ്മറ്റി മെയ് 11 ശനിയാഴ്ച അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യത്തിൽ ഉച്ചകഴിഞ്ഞ് രൂപതാ ഭവനിൽ വച്ച് ചേരുന്നതാണ്.

### പുസ്തക വിതരണം.

മെയ് 25-ാം തിയതി മുതൽ പുസ്തക വിതരണം ആരംഭിക്കുന്നതാണ്.

### ഗുരുദർശൻ മെയ് മാസത്തിൽ

മെയ് 27, 28 (തിങ്കൾ, ചൊവ്വ)@ PMOC

മെയ് 30, 31 (വ്യാഴം, വെള്ളി)@ PMOC

### പ്രധാനാധ്യാപക സംഗമം

2019-2020 അധ്യയന വർഷത്തിനു മുന്നോടിയായുള്ള ആദ്യത്തെ പ്രധാനാധ്യാപക സംഗമം ജൂൺ 01 ശനിയാഴ്ച രാവിലെ 9.45 മുതൽ ഉച്ചയ്ക്ക് 01.30 വരെ പി.എം.ഒ.സിയിൽ വച്ച് ചേരുന്നതാണ്. എല്ലാ ഹെഡ്മാസ്റ്റേഴ്സും നിർബന്ധമായും സംഗമത്തിൽ പങ്കെടുക്കേണ്ടതാണ് (2018-2019 അധ്യയന വർഷത്തെ നാല് പേജിൽ കവിയാത്ത വികാരിയച്ചന്റെ ഒപ്പോടുകൂടിയ റിപ്പോർട്ട് അന്ന് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്).

### 2019-2020 അധ്യയന വർഷം

'സ്നേഹത്തിലൂടെ പ്രവർത്തനനിരതമായ വിശ്വാസം' (ഗലാ 5: 6) എന്ന പ്രമേയവുമായി ജൂൺ 02 ഞായറാഴ്ച 2019-2020 അധ്യയന വർഷം ആരംഭിക്കുന്നു. അന്നേദിനം കുട്ടികളെ സ്വീകരിക്കുകയും രൂപതാധ്യക്ഷൻ നിർദ്ദേശിച്ചിരിക്കുന്നപോലെ എല്ലാ ഇടവകകളിലും സൺഡേ സ്കൂളിന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധന നടത്തുകയും വേണം. അതിനു മുന്നോടിയായി പുതിയ അദ്ധ്യയനവർഷം തുടങ്ങുന്നതിന്റെ തലേ ആഴ്ച (2019 മെയ് 26) അധ്യാപകർ ഒരുമിച്ചു കൂടി ഒരു മണിക്കൂർ പ്രാർത്ഥന നടത്തി പുതിയ അദ്ധ്യയനവർഷത്തെക്കുറിച്ച് വികാരി അച്ചനുമൊത്തുകൂടി ആലോചിച്ച് തീരുമാനങ്ങൾ എടുക്കണം.

### എഴുത്തിനിരുത്ത്

വിശ്വാസപരിശീലന ക്ലാസുകളിലേക്ക് ആദ്യമായി കടന്നു വരുന്ന കുഞ്ഞുങ്ങൾക്ക് പന്തക്കുസ്താദിനത്തിൽ (ജൂൺ 09) എഴുത്തിനിരുത്ത് നടത്താവുന്നതാണ്. (അതിന്റെ പ്രാർത്ഥനകൾ മതബോധന കലണ്ടറിൽ ചേർത്തിട്ടുണ്ട്).

### മതാധ്യാപക സംഗമം

2019 ജൂൺ 8 ശനിയാഴ്ച രൂപതാമതാധ്യാപക സംഗമം കോഴിക്കോട് ദേവഗിരി പബ്ലിക് സ്കൂളിൽ വച്ച് നടക്കുന്നു. രാവിലെ 9.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിക്കുന്ന സംഗമത്തിൽ ജസ്റ്റീസ് കുര്യൻ ജോസഫ് മുഖ്യാഥിതി ആയിരിക്കും.

### HCC Registration 2019

അടുത്ത അധ്യയന വർഷത്തിൽ HCC II ക്ലാസുകൾക്ക് 125 രൂപയും HCC I ക്ലാസുകൾക്ക് 200 രൂപയും (വിശ്വാസവഴിയിലെ സംശയങ്ങൾ എന്ന പുസ്തകം ഉൾപ്പെടെ) ആയിരിക്കും രജിസ്ട്രേഷൻ ഫീസ്. 2019 ജൂലൈ 10ന് രജിസ്ട്രേഷൻ അവസാനിക്കുന്നതാണ്. (HCC പരീക്ഷ എഴുതു ന്നതിനുള്ള മാനദണ്ഡങ്ങൾ

കുട്ടികളെ തുടക്കത്തിൽ തന്നെ കൃത്യമായി അറിയിക്കാൻ പ്രധാനാധ്യാപകർ ശ്രദ്ധിക്കണം. 1) 15 ക്ലാസ് ദിവസങ്ങളിലെങ്കിലും ഹാജർ 2) രൂപതയിലെ ഏതെങ്കിലും മേഖലയിൽ ലൂമിന പങ്കാളിത്തം. 3) അർദ്ധവാർഷിക പരീക്ഷയിലെ പങ്കാളിത്തം)

**വിശ്വാസ പരിശീലന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്ന മതാദ്ധ്യാപകർ**

1. ജോബി ഒറ്റപ്ലാക്കൽ – വയലിട
2. സജി പുതിയവീട്ടിൽ – കണ്ണോത്ത്
3. ജോൺസൻ വാതോലിൽ – തോട്ടുമുക്കം
4. അൽഫോൻസ അന്തീനാട്ട് – കരിങ്ങാട്
5. ജോളി മതിലകത്ത് – കരിങ്ങാട്
6. ബെന്നി തട്ടുംപുറം – തോട്ടുമുക്കം
7. ടോമി തോട്ടുങ്കൽ – തോട്ടുമുക്കം
8. തങ്കച്ചൻ കിഴക്കേക്കര – മഞ്ചേരി
9. സക്കറിയ ഇത്തിപ്പറമ്പിൽ – മാവൂർ
10. സെബാസ്റ്റ്യൻ കാഞ്ഞിരത്തിങ്കൽ – മഞ്ഞക്കടവ്
11. ആന്റണി ഇയ്യാലിൽ – മരിയാപുരം
12. എത്സി പന്തപ്ലാക്കൽ – പശുക്കടവ്
13. ബെന്നിച്ചൻ കറുകമാലിൽ – മരുതോങ്കര
14. സജി മംഗലശ്ശേരി – ചെമ്പുകടവ്
15. റവ. സി. അനിറ്റ SH – തലയാട്
16. റവ. സി. വിമല DPMT – ചേവായൂർ
17. റവ. സി. ജോയ്സി SH – കുറ്റിപ്പുറം
18. റവ. സി. ലിസ SH – കൂരാച്ചുണ്ട്
19. റവ. സി. അമല SABS – മഞ്ഞക്കടവ്

**ഫാ. ജോസഫ് വടക്കേൽ**
ഡയറക്ടർ, മതബോധനം

# സെമിനാരി വാർത്തകൾ

### മ്ശംമ്ശാന, ഹെവ്പദ്യാക്കോന, കാറോയ പട്ടങ്ങൾ

ഏപ്രിൽ 13-ാം തിയതി ശനിയാഴ്ച രാവിലെ 8 മണിക്ക് താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽ നിന്ന് താമരശ്ശേരി രൂപതയ്ക്കു വേണ്ടി വിവിധ മേജർ സെമിനാരികളിൽ പരിശീലനത്തിലേർപ്പെട്ടിരിക്കുന്ന ദൈവശാസ്ത്ര വിദ്യാർത്ഥികൾ മ്ശംമ്ശാന, ഹെവ്പദ്യാക്കോന, കാറോയ പട്ടങ്ങൾ സ്വീകരിച്ചു.

### മ്ശംമ്ശാന പട്ടം സ്വീകരിച്ചവർ

1. ഡീ. ജോസഫ് (ലിവിൻ) ചിറത്തലയ്ക്കൽ-മൈലള്ളാംപാറ
2. ഡീ. അലക്സ് (ബിജോ) പനച്ചിക്കൽ-കോടഞ്ചേരി
3. ഡീ. മാത്യു (ആൽബിൻ) പനച്ചിക്കൽ-കൂരാച്ചുണ്ട്

### ഹെവ്പദ്യാക്കോന

1. ബ്ര. ജോസഫ് (ജോസുകുട്ടി) അന്തീനാട്ട്-കരിങ്ങാട്
2. ബ്ര. ജോസഫ് (സിബിൻ) കിളിയൻപറമ്പിൽ-മാലാപറമ്പ്
3. ബ്ര.തോമസ് (മെൽബിൻ) കുടിയിരിക്കൽ-ചമൽ
4. ബ്ര. അബ്രാഹം (ആൽബിൻ) സ്രാമ്പിക്കൽ-കൂരാച്ചുണ്ട്
5. ബ്ര. മാത്യു (ജോബിൻ) തെക്കേക്കരമറ്റത്തിൽ-കോടഞ്ചേരി

### കാറോയ

1. ബ്ര. സെബാസ്റ്റ്യൻ (ടിൻസ്) മറ്റപ്പിള്ളിൽ-ചെമ്പ്കടവ്
2. ബ്ര. മാത്യു (ജിതിൻ) മൂലയിൽ-കോങ്ങാട്
3. ബ്ര. ജോർജ് (ജിതിൻ)നരിവേലിൽ-തോട്ടുമുക്കം
4. ബ്ര. പീറ്റർ (ബ്രിജിൻ) പൂതർമണ്ണിൽ-പാതിരിക്കോട്
5. ബ്ര. തോമസ് (നിർമ്മൽ) പുലയംപറമ്പിൽ-കോടഞ്ചേരി
6. ബ്ര. ജോർജ് (അമൽ) പുരയിടത്തിൽ-പുല്ലൂരാംപാറ
7. ബ്ര. ജോസഫ് പുത്തൻപുരയ്ക്കൽ- കാക്കവയൽ
8. ബ്ര. അഗസ്റ്റിൻ (ജസ്‌വിൻ) തുറവയ്ക്കൽ-കുളത്തുവയൽ
9. ബ്ര. അഗസ്റ്റിൻ (ജിൻസ്) ഉറുമ്പിൽ-പുല്ലൂരാംപാറ

എല്ലാ വൈദീക വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

### വൈദിക വസ്ത്രസ്വീകരണം

മെയ് 1-ാം തീയതി രാവിലെ 8 മണിക്ക് അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിൽ നിന്ന് തത്വശാസ്ത്ര പഠനം പൂർത്തിയാക്കിയ 6 സെമിനാരി വിദ്യാർത്ഥികൾ ദൈവശാസ്ത്ര പഠനത്തിനൊരുക്കമായി വൈദിക വസ്ത്രം

സ്വീകരിക്കുന്നു. താമരശ്ശേരി മേരിമാതാ കത്തീഡ്രലിലാണ് വി.കുർബാനയും ശുശ്രൂഷകളും ക്രമീകരിച്ചിരിക്കുന്നത്.

**ഫാ. അബ്രാഹം കൊച്ചീലാത്ത്**
റെക്ടർ, അൽഫോൻസ സെമിനാരി

# മിഷൻലീഗ്

### വചനോപാസി

താമരശ്ശേരി രൂപത ചെറുപുഷ്പ മിഷൻ ലീഗ് ബൈബിൾ പഠനയജ്ഞത്തിന്റെ ഭാഗമായി 'വചനോപാസി' ബൈബിൾ ക്വിസ് പരിപാടി 10-04-2019 ന് പി.എം.ഒ.സിയിൽ വച്ച് നടത്തപ്പെട്ടു. പഴയനിയമത്തിലെ പ്രഭാഷകന്റെ പുസ്തകം 27 മുതൽ 51 വരെയുള്ള അദ്ധ്യായങ്ങളാണ് പഠനത്തിനായി നൽകിയത്. രൂപത ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് ക്വിസ് മാസ്റ്റർ ഫാ. മനോജ് കൊല്ലംപറമ്പിൽ മത്സരം നടത്തി. 8 റൗണ്ടുകളിലായി നടത്തിയ മത്സരത്തിൽ സൈമൺ വടക്കൻ തേഞ്ഞിപ്പാലം,ദാനിയേൽ വടക്കൻ തേഞ്ഞിപ്പാലം, ആൻ വലിയകട്ടേൽ താമരശ്ശേരി എന്നിവർ യഥാക്രമം ഒന്നും രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. സമാപന സമ്മേളനത്തിൽ മതബോധന ഡയറക്ടർ ഫാ. ജോസഫ് വടക്കേൽ സമ്മാനദാനം നിർവ്വഹിച്ചു. 3000,2000,1500 രൂപയും മെമന്റോയുമാണ് ആദ്യ മൂന്നു സ്ഥാനക്കാർക്ക് നൽകിയത്. മത്സരത്തിൽ അഭിനന്ദനാർഹമായ പ്രകടനമാണ് കുട്ടികൾ കാഴ്ചവച്ചത്.

രൂപതാ പ്രസിഡന്റ് ശ്രീ ജോയി ജോർജ് എല്ലാവർക്കും നന്ദിപറഞ്ഞു. സി.സെലിൽ ജോസ് ,സി. ജാൻസി മരിയ എന്നിവർ നേതൃത്വം നൽകി.

സംസ്ഥാനതല മത്സരം മെയ് മാസം 12-ാം തിയതി 'വചനഭേരി ' എന്ന പേരിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെടുന്നു.

### സംസ്ഥാനതല രൂപതാ ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ് സംഗമം

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതി സംഘടിപ്പിച്ച രൂപത ഡയറക്ടേഴ്സ, വൈസ് ഡയറക്ടേഴ്സ് സംഗമം 2019 ഏപ്രിൽ 9 ന് എറണാകുളം പി.എം.ഒ.സിയിൽ വച്ച് നടന്നു. രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ, വൈസ് ഡയറക്ടർ സി. ജാൻസി മരിയ എന്നിവർ പങ്കെടുത്തു.

### മലബാർ റീജണൽ സംഗമം

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതി സംഘടിപ്പിച്ച മലബാർ

റീജണൽ സംഗമം തലശ്ശേരി അതിരൂപതയിലെ ശ്രീപുരത്തുവച്ചു നടന്നു. തമാരശ്ശേരി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**ധനസഹായം**

രൂപതയുടെ നേതൃത്വത്തിൽ പ്രളയത്തിൽ ഭവനം നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുന്ന ഭവന നിർമ്മാണ പദ്ധതിയിലേക്ക് ചെറുപുഷ്പ മിഷൻ ലീഗ് ഒരു ലക്ഷം രൂപ സാമ്പത്തീക സഹായം നൽകി.

**ജൂനിയർ ഭാരവാഹികളുടെ ഇലക്ഷൻ**

ജൂനിയർ ഭാരവാഹികളുടെ രൂപതാതല ഇലക്ഷൻ മെയ് 2-ാം തിയതി പി.എം.ഒ.സിയിൽ വച്ച് നടത്തുന്നു. എല്ലാ മേഖല ജൂനിയർ ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്.

**സംസ്ഥാന വാർഷിക ക്യാമ്പ്**

ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ 2019 മെയ് 10,11,12 തിയതികളിലായി ഭരണങ്ങാനം മാതൃഭവനിൽ വച്ച് മേഖലാ ഭാരവാഹികൾക്ക് നേതൃത്വ പരിശീലന ക്യാമ്പ് നടക്കുന്നു. ഒരു രൂപതയിൽ നിന്ന് 10 പേർക്ക് പങ്കെടുക്കാൻ അവസരം.

**ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ**
ഡയറക്ടർ ,മിഷൻലീഗ്

---

# പാലിയേറ്റീവ് കെയർ

**മൊബൈൽ ക്ലീനിക്**

മൊബൈൽ ക്ലീനിക്കിന്റെ സേവനം നൽകപ്പെട്ടുകൊണ്ടിരിക്കുന്നു. കഴിഞ്ഞമാസം 800 ഓളം രോഗികൾ ചികിത്സ തേടി.

**ഫണ്ട് സമാഹരണം**

സംഘടനയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സമാഹരിക്കുന്നതിന്റെ ഭാഗമായി രൂപതയിലെ വിവിധ കോൺവെന്റുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ഫണ്ട് സമാഹരിച്ചു.

**കുളത്തുവയൽ തീർത്ഥാടനം**

കുളത്തുവയൽ തീർത്ഥാടനത്തിൽ ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കുവാൻ മൊബൈൽ ക്ലീനിക്കും ആബുലൻസും സജീവമായി രംഗത്തുണ്ടായിരുന്നു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, അൽഫോൻസ പാലിയേറ്റീവ് കെയർ

# ക്രിസ്റ്റീൻ മിനിസ്ട്രി

ക്രിസ്റ്റഫർ ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്ത 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന ക്രിസ്റ്റീൻ കൂട്ടുകാർക്കുവേണ്ടി ഏപ്രിൽ 11 മുതൽ 14 വരെ മക്കിയാട് യാഹ്‌വേ നിസ്സി പ്രയർ സെന്ററിൽ വച്ച് പ്രാർത്ഥനാനുഭവ പരിശീ ലനം നൽകി. റവ.ഫാ. ജെയ്സ് CSsR, ബ്ര. ബിജു ഇടുക്കി, സി. ലിറ്റി MSMI ശ്രീ. ബെന്നിച്ചൻ കറുകമാലിൽ എന്നിവർ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി.

**മിഷൻ പരിശീലനം**

മിഷനെ അറിയുക, മിഷനെ സ്നേഹിക്കുക, മിഷനറിയാവുക എന്ന മുദ്രാവാക്യവുമായി താമരശ്ശേരി രൂപതയിൽ നിന്ന് 11 കുട്ടികൾ നാല് ആനിമേറ്റഴ്സും ബഹു. സൈമൺ വള്ളോപ്പിള്ളി അച്ചന്റെ നേതൃത്വത്തിൽ ഏപ്രിൽ 24-ാം തീയതി ചാന്ദാമിഷനിലേക്ക് പോയിരിക്കുകയാണ്. മെയ് 5-ാം തീയതി അവർ അവിടെ നിന്നും തിരുച്ചു പോരുന്നതാണ്. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ അനുഗ്രഹാശിസ്സു കളോടെയാണ് അവർ യാത്രയായിരിക്കുന്നത്. ഈ മിഷൻ ടീമിനു വേണ്ടിയുള്ള പ്രത്യേക പരിശീലനം ബാലുശ്ശേരി ജയ്റാണി സ്കൂളിൽ വച്ച് നടത്തി.

മിഷനിലേക്ക് പോയിരിക്കുന്നവർ 1. ഫാ. സൈമൺ വള്ളോപ്പിള്ളി, 2. ആൽവിൻ പീടികപ്പറമ്പിൽ കരുവാരകുണ്ട്, 3. അമൽ മാത്യു കറുകമാലിൽ മരുതോങ്കര, 4. അലൻ മാത്യു കറുകമാലിൽ മരുതോങ്കര, 5. ജെഫിൻ മനോജ് പൊട്ടനാനിയിൽ മരുതോങ്കര, 6. മരിയ മനോജ് പുല്ലാട്ട് ചാത്തൻകോട്ടുനട, 7. അന്ന മരിയ അഗസ്തിൻ ചെറുപിള്ളാട്ട് ചെമ്പനോട, 8. എയ്ഞ്ചൽ പ്രകാശ് പാറയിൽ ചെമ്പനോട, 9. അനോൾഡ സന്തോഷ് മൂഴയിൽ ചെമ്പനോട, 10. അപിന വിജോയി മേക്കാട്ട് വേനപ്പാറ 11. ക്രിസ്റ്റ ആൻ മാനുവൽ കുമ്മായത്തൊട്ടിയിൽ, വേനപ്പാറ 12. എൽന എബി നെല്ലിക്കാമണ്ണിൽ വേനപ്പാറ, 13. സി. ജോസ്ന MSMI പനംപ്ലാവ്, 14. സി. മാർഗരീറ്റ SFN പുതുപ്പാടി, 15. ശ്രീ. ജനീഷ് വിലങ്ങുപാറ കുളത്തുവയൽ, 16. ശ്രീ. ബെന്നിച്ചൻ കറുകമാലിൽ മരുതോങ്കര എന്നിവർ.

**എഫ്ഫാത്ത - 2019**

5 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ക്രിസ്റ്റഫർ ട്രെയിനിംഗ് പ്രോഗ്രാം എഫ്ഫാത്ത - 2019 വിവിധ സെന്ററുകളിൽ നടത്തപ്പെടുന്നു. മെയ് 6 മുതൽ 10 വരെ ചാത്തൻകോട്ടുനട സെന്റ് മേരീസ് റിട്രീറ്റ് സെന്ററിലും മെയ് 10 മുതൽ 14 വരെ തൊണ്ടിമ്മൽ സാൻജോ പ്രതീക്ഷാ ഭവനിലും (അഗസ്റ്റിൻ മുഴി) മെയ് 16 മുതൽ 20 വരെ മലപ്പുറം മരിയ ഭവനിലും വച്ചാണ് പ്രോഗ്രാം നടത്തപ്പെടുന്നത്. പങ്കെടുക്കുന്ന കുട്ടികൾ ആനിമേറ്റർമാർ വഴി മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, ക്രിസ്റ്റീൻ മൂവ്മെന്റ്

# ലിറ്റർജി കമ്മീഷൻ

### പുത്തൻപാന ആലാപന മത്സരം

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ മലബാർ മേഖലയിലെ കത്തോലിക്കാ രൂപതകൾക്കുവേണ്ടി പുത്തൻപാന ആലാപന മത്സരം നടത്തി. കോട്ടയം അതിരൂപത മലബാർ റീജിനിലെ കാഞ്ഞങ്ങാട് സേക്രട്ട് ഹാർട്ട് പള്ളി ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി. രണ്ടാം സ്ഥാനം നേടിയത് തിരുവമ്പാടി സേക്രട്ട് ഹാർട്ട് പള്ളി ടീമും മൂന്നാം സ്ഥാനം നേടിയത് ദേവഗിരി സെന്റ് ജോസഫ് പള്ളി ടീമും ആണ്. വിജയികൾക്ക് യഥാക്രമം ആന്റണി പുളിക്കൽ മെമ്മോറിയൽ 10000 രൂപ ക്യാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റുകളും, ഫിലിപ്പ് മെമ്മോറിയൽ 7000 രൂപ ക്യാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റുകളും, പി.ഡി. അന്നക്കുട്ടി ഇലവത്തിങ്കൽ മെമ്മോറിയൽ 5000 രൂപ ക്യാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റുകളും ലഭിച്ചു. മത്സരിച്ച എല്ലാ ടീമുകൾക്കും 500 രൂപ വീതം ലഭിച്ചു.

ഏപ്രിൽ 13 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 3.30 വരെ കോഴിക്കോട് പി.എം.ഒ.സിയിൽ വച്ചാണ് മത്സരം നടന്നത്. മൊത്തം 15 ടീമുകളാണ് പങ്കെടുത്തത്. പി.എം.ഒ.സി ഡയറക്ടർ ഫാ. ജോർജ് കളപ്പുരക്കൽ താമരശ്ശേരി രൂപതാ ലിറ്റർജി കമ്മീഷൻ കൺവീനർ ഫാ. ജോസഫ് കളത്തിൽ എന്നിവർ ക്യാഷ് അവാർഡും ട്രോഫിയും സർട്ടിഫി ക്കറ്റുകളും വിതരണം ചെയ്തു. സംസ്ഥാന സർക്കാരിന്റെ ഫോക്‌ലോർ അവാർഡ് ജേതാവും പുത്തൻപാന പ്രചാരകനും അർണോസ് പാതിരിയുടെ ജീവചരിത്രകാരനുമായ എഫ് ആന്റണി പുത്തൂരിന്റെ ആമുഖ ക്ലാസ്സോടെയാണ് മത്സരം ആരംഭിച്ചത്. താമരശ്ശേരി രൂപതാ ലിറ്റർജി കമ്മീഷൻ അംഗങ്ങളായ ഡോ. ചാക്കോ കാളംപറമ്പിൽ, റിജോ കുത്രപ്പിള്ളി,സി. അമല എസ്.എച്ച് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# വൊക്കേഷൻ ബ്യൂറോ

### ദൈവവിളി ക്യാമ്പ്

ഏപ്രിൽ 1, 2, 3 തീയതികളിൽ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ചു നടന്ന ആൺകുട്ടികൾക്കു വേണ്ടിയുള്ള ക്യാമ്പിൽ 124 പേർ പങ്കെടുത്തു. പി.എം.ഒ.സിയിൽ വച്ചു നടന്ന ക്യാമ്പിൽ 21 പെൺകുട്ടി കളാണുണ്ടായിരുന്നത്. ക്യാമ്പിന് നേതൃത്വം നൽകി ക്ലാസ്സുകളെടുത്ത്

സഹായിച്ച എല്ലാ വൈദികരേയും, സിസ്റ്റേഴ്സിനെയും, ബ്രദേഴ്സിനെയും അത്മായ സഹോദരങ്ങളെയും നന്ദിയോടെ ഓർക്കുന്നു. വി. ബലിയർപ്പിച്ച് ദൈവവിളിയുടെ പ്രത്യേകത കളെക്കുറിച്ചും പൗരോഹിത്യ ജീവിതത്തിന്റെ മഹത്വത്തെയും ഔന്നത്യത്തെക്കുറിച്ചും സംസാരിച്ച അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിനും, വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കരയച്ചനും സ്നേഹപൂർവ്വം നന്ദിപറയുന്നു. ക്യാമ്പിലേക്ക് കുട്ടികളെ പറഞ്ഞയച്ച അച്ചന്മാരെയും നന്ദിയോടെ ഓർക്കുന്നു.

**ഫാ.ജേക്കബ് അരീത്തറ**

ഡയറക്ടർ, അൾത്താര ശുശ്രൂഷാസംഘം

# കുടുംബകൂട്ടായ്മ

### കുടുംബകൂട്ടായ്മ നേതൃത്വസംഗമം

താമരശ്ശേരി രൂപത കുടുംബകൂട്ടായ്മ ഇടവക ഭാരവാഹികളുടെ നേതൃത്വ സംഗമം താമരശ്ശേരി മേരിമാതാ കത്തീഡ്രൽ ഹാളിൽ നടത്തി. രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ സ്വാഗതം ആശംസിച്ച സമ്മേളനം വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടനം ചെയ്തു സംസാരിച്ചു. രൂപതാ പ്രസിഡന്റ് തോമസ് മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. തോമസ് പാറൻകുളങ്ങര ക്ലാസെടുത്തു. ഫാ. മാത്യു പുള്ളോലിക്കൽ തോമസ് വലിയപറമ്പൻ,എം.എൽ ജോസഫ് എന്നിവർ പ്രസംഗിച്ചു. രൂപത കുടുംബ കൂട്ടായ്മയുടെ പുതിയ ഭാരവാഹികളായി തോമസ് വലിയപറമ്പൻ (പ്രസിഡന്റ്) ആനിയമ്മ മുള്ളൻകുഴി (വൈസ് പ്രസിഡന്റ്) സണ്ണി കുഴമ്പാല (സെക്രട്ടറി) ആഗസ് ആലപ്പാട്ട് (ജോ. സെക്രട്ടറി) ജോസ് കുളുമ്പിൽ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

**ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ**

ഡയറക്ടർ ,കുടുംബകൂട്ടായ്മ

# മാതൃവേദി

### സ്ത്രീ ശാക്തീകരണ സെമിനാർ

സ്ത്രീകളുടെ സമൂഹത്തിലെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും സ്ത്രീ ശാക്തീകരണത്തെക്കുറിച്ചും മാതൃവേദിയും ദീപിക ഫ്രണ്ട്സ് ക്ലബ്ബും സംയുക്തമായി ചേർന്ന് സ്ത്രീ ശാക്തീകരണ സെമിനാർ പി.എം.ഒ.സി യിൽ സംഘടിപ്പിച്ചു. മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സെമിനാർ ഉദ്ഘാടനം ചെയ്തു.

സഭയുടെ വിവധ സാമൂഹിക പ്രവർത്തന മേഖലകളിലേക്കും വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലേക്കും സ്ത്രീകൾ വരേണ്ടതിന്റെ ആവശ്യകതയെകുറിച്ച് പിതാവ് സംസാരിച്ചു. ഫാ. ജോയി കണ്ണഞ്ചിറ ക്ലാസെടുത്തു. ഫാ. സായി പാറൻകുളങ്ങര, ഫാ. സൈമൺ കിഴക്കേക്കുന്നേൽ, സി. ഫിലോ എസ്.എ. ബി.എസ് ദീപ റെജി നെല്ലിക്കുന്നേൽ, ഷാനി സണ്ണി കളത്തിപറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

### കുളത്തുവയൽ തീർത്ഥാടനം

കുളത്തുവയൽ തീർത്ഥാടനത്തിൽ വിവിധ ഇടവകകളിൽ നിന്നും അമ്മമാർ പങ്കെടുത്തു പ്രാർത്ഥിച്ചു.

### നോമ്പുകാല പ്രവർത്തനങ്ങൾ

നോമ്പുകാലത്ത് അമ്മമാർ പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നിവ അനുഷ്ഠിക്കുകയും ധാരാളം കാരുണ്യ പ്രവർത്തികളിൽ ഏർപ്പെടുകയും ചെയ്തു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, മാതൃവേദി

# മദ്യവിരുദ്ധ സമിതി

### സമ്മാനകൂപ്പൺ നറുക്കെടുപ്പ്

സൺഡേ സ്കൂൾ വഴിയായി വിതരണം ചെയ്ത സമ്മാനകൂപ്പണിന്റെ നറുക്കെടുപ്പ് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പി.എം.ഒ.സിയിൽ വച്ച് നിർവ്വഹിച്ചു. പി.എം.ഒ.സി ഡയറക്ടർ ഫാ. സണ്ണി കളപ്പുര, മതബോധന ഡയറക്ടർ ഫാ. ജോസഫ് വടക്കേൽ, മദ്യവിരുദ്ധ സമിതി ഡയറക്ടർ ഫാ. സൈമൺ കിഴക്കേക്കുന്നേൽ എന്നിവരും രൂപതാ പ്രസിഡന്റ് കുര്യൻ ചെമ്പനാനി, സെക്രട്ടറി ജോളി ഉണ്ണ്യേപ്പിള്ളിൽ, സംസ്ഥാന സെക്രട്ടറി രാജൻ

ഉറുമ്പിൽ, ജോസ് കാവിൽപുരയിടം, റോയി മുരിക്കോലിൽ റ്റി.റ്റി. തോമസ്, ജോയിക്കുട്ടി ലൂക്കോസ്, അബ്രഹം എന്നിവർ സന്നിഹിതരായിരുന്നു.

## സംഭാവനകൂപ്പൺ മികച്ച വിജയം

അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നിർദ്ദേശപ്രകാരം ഇടവകകളിലെ സൺഡേസ്കൂൾ കുട്ടികൾ വഴി മദ്യവിരുദ്ധ സമിതി വ്യക്തിത്വ വികസന ക്ലബ്ബ് എന്നിവയുടെ പ്രവർത്തനഫണ്ട് ശേഖരിക്കുന്നതിനായി സംഭാവന കൂപ്പൺ വിതരണം ചെയ്യുകയും ഇടവകകളിൽ നിന്ന് മികച്ച പ്രതികരണം ഉണ്ടാവുകയും ചെയ്തു. ചുരുക്കം ഇടവകകൾ ഒഴിച്ചു നിർത്തിയാൽ വളരെ നല്ല സഹകരണമാണ് ബഹു. വികാരിയച്ചന്മാരിൽ നിന്നും സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ, അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ എന്നിവരിൽ നിന്നും ഉണ്ടായത്. സഹകരിച്ച ഓരോരുത്തർക്കും മദ്യവിരുദ്ധ സമിതിയുടെ പേരിൽ നന്ദിയറിയിക്കുന്നു. ലഹരിപോലുള്ള വൻദുരന്തങ്ങൾക്കെതിരെയുള്ള പോരാട്ടത്തിൽ പിന്തുണയേകുന്നതിന് ആത്മാർത്ഥമായ നന്ദിയും കടപ്പാടും അറിയിക്കുന്നു. കോഴിക്കോട് പി.എം.ഒ.സിയിൽ വെച്ച് മാർച്ച് 30-ാം തീയതി അഭിവന്ദ്യ റെമിജിയോസ് പിതാവ് നറുക്കെടുക്കുകയും വിജയികളെ കണ്ടെത്തുകയും ചെയ്തു. 1,2,3, 101 എന്നീ സ്ഥാനങ്ങളിലുള്ള സമ്മാനാർഹർക്ക് ഏപ്രിൽ 27-ാം തീയതി കൂരാച്ചുണ്ടിൽ നടക്കുന്ന രൂപതാ ദിനത്തോടനുബന്ധിച്ച് അഭിവന്ദ്യ പിതാവ് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്. മറ്റ് സമ്മാനങ്ങൾ ഇടവകകളിൽ പിന്നീട് നേരിട്ടെത്തി ക്കുന്നതാണ്. അടുത്ത ഏതാനും വർഷങ്ങളിലേക്കുള്ള പ്രവർത്തന ഫണ്ടായി 4,60,000/- രൂപ സമാഹരിക്കാൻ സാധിച്ചു. ഈ സംരംഭത്തിൽ സഹകരിച്ച എല്ലാവർക്കും നന്ദി...

**കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപത സംഭാവന കൂപ്പൺ തുക**

**കൂരാച്ചുണ്ട് ഫൊറോന**

| ഇടവക | തുക |
|---|---|
| ചക്കിട്ടപാറ | 11000 |
| കക്കയം | 6260 |
| കല്ലാനോട് | 9930 |
| കരിയാത്തുംപാറ | 1660 |
| കാറ്റുള്ളമല | 7750 |
| കൂരാച്ചുണ്ട് | 24490 |
| കുളത്തുവയൽ | 11050 |
| മുതുകാട് | 6000 |
| നരിനട | 3000 |
| പേരാമ്പ്ര | 9290 |
| പെരുവണ്ണാമുഴി | 5060 |

**മരുതോങ്കര ഫൊറോന**

| ഇടവക | തുക |
|---|---|
| ചാപ്പൻതോട്ടം | 4450 |
| ചാത്തൻകോട്ടുനട | 5000 |
| ചെമ്പനോട | 9875 |
| കുണ്ടുതോട് | 7500 |
| പൂതംപാറ | 6250 |
| പൂഴിത്തോട് | 3587 |

**വിലങ്ങാട് ഫൊറോന**

| ഇടവക | തുക |
|---|---|
| വിലങ്ങാട് | 13130 |
| മഞ്ഞക്കുന്ന് | 4780 |

**പാറോപ്പടി ഫൊറോന**

| ഇടവക | തുക |
|---|---|
| പാറോപ്പടി | 16305 |
| കുന്ദമംഗലം | 13280 |
| മാങ്കാവ് | 5750 |
| ഈസ്റ്റ്ഹിൽ | 10000 |
| മാവൂർ | 4340 |
| കട്ടാങ്ങൽ | 1250 |
| ദേവഗിരി | 10850 |
| ചേവായൂർ | 11850 |
| അമലാപുരി | 5190 |

**കോടഞ്ചേരി ഫൊറോന**

| ഇടവക | തുക |
|---|---|
| ചെമ്പുകടവ് | 13560 |
| ഈരൂട് | 4840 |
| കണ്ണോത്ത് | 6880 |
| കൂരോട്ടുപാറ | 3400 |
| കുപ്പായക്കോട് | 9140 |
| മഞ്ഞുവയൽ | 13100 |
| തെയ്യപ്പാറ | 760 |
| വലിയകൊല്ലി | 5300 |
| വേനപ്പാറ | 11730 |

**മലപ്പുറം ഫൊറോന**

| ഇടവക | തുക |
|---|---|
| അടക്കാക്കുണ്ട് | 2890 |
| കൽക്കുണ്ട് | 3530 |
| വാണിയമ്പലം | 1800 |
| കാളികാവ് | 5135 |

**തിരുവമ്പാടി ഫൊറോന**

| ഇടവക | തുക |
|---|---|
| തിരുവമ്പാടി | 14270 |
| കരിമ്പ് | 3000 |
| ആനക്കാംപൊയിൽ | 11000 |
| പുല്ലൂരാംപാറ | 19250 |
| പുന്നക്കൽ | 7040 |
| മുക്കം | 14310 |
| മുത്തപ്പൻപുഴ | 1190 |
| കുളിരാമുട്ടി | 4210 |
| മഞ്ഞക്കടവ് | 3850 |
| കല്ലുരുട്ടി | 2000 |

**തോട്ടുമുക്കം ഫൊറോന**

| ഇടവക | തുക |
|---|---|
| മരഞ്ചാട്ടി | 6020 |
| പനമ്പിലാവ് | 5000 |
| വെറ്റിലപ്പാറ | 6870 |
| തോട്ടുമുക്കം | 18800 |
| കക്കാടംപൊയിൽ | 8100 |
| പുഷ്പഗിരി | 11420 |
| ചുണ്ടത്തുംപൊയിൽ | 8000 |
| പീടികപ്പാറ | 1100 |
| വാലില്ലാപ്പുഴ | 9300 |

# കരിസ്മാറ്റിക്ക് മൂവ്മെന്റ്

**ഏപ്രിൽ 2019 ലെ റിപ്പോർട്ട്**

രാജ്യത്തിനുവേണ്ടിയും സഭക്കുവേണ്ടിയും നല്ല കാലാവസ്ഥക്കു വേണ്ടിയുമുള്ള പ്രാർത്ഥന ഉയർത്തിയ മാസമാണ് കടന്നുപോയത്.

**1. പ്രവാചക മദ്ധ്യസ്ഥ പ്രാർത്ഥനാധ്യാനം**

മാർച്ച് 27 മുതൽ 31 വരെ പുതുപ്പാടി ധ്യാനകേന്ദ്രത്തിൽ വച്ച് സോണിനു വേണ്ടി നടത്തിയ പ്രവാചക മധ്യസ്ഥ പ്രർത്ഥനാ ധ്യാനം വൻ വിജയമായിരുന്നു.

145 പേർ പങ്കെടുത്ത ഈ ധ്യാനത്തിൽ നിന്നും ലഭിച്ച പഠനത്തിന്റെയും ഉൾക്കാഴ്ചയുടെയും പ്രചോദനമുൾക്കൊണ്ട് വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് വിവിധ നിയോഗങ്ങൾക്കുവേണ്ടി മധ്യസ്ഥ പ്രാർത്ഥന നടത്തിയത് അനുഭവവേദ്യമായിരുന്നു. ധ്യാനത്തിനുശേഷം എല്ലാ സബ് സോണുകളിലും പിന്നീട് ഇടവകകളിലും ഈ പ്രാർത്ഥന നടത്തുവാൻ തീരുമാനിച്ചു. വിവിധ സബ് സോണുകളിൽ ഇതാരംഭിക്കുകയും ചെയ്തു.

**2. ദിവ്യകാരുണ്യ ആരാധനകൾ**

രാജ്യത്തിനുവേണ്ടിയും സഭക്കുവേണ്ടിയും നല്ല കാലാവസ്ഥക്കു വേണ്ടിയും മദ്ധ്യസ്ഥ പ്രാർത്ഥന നടത്തേണ്ടതിന്റെ പ്രാധാന്യവും ആവശ്യകതയും മനസ്സിലാക്കി വിവിധ സബ് സോണുകളിൽ ,ഇടവക കളിൽ ദിവ്യകാരുണ്യ ആരാധനയും മധ്യസ്ഥ പ്രാർത്ഥനയും ആരംഭി ച്ചിട്ടുണ്ട്. മരുതോങ്കര സബ് സോണിലെ ചെമ്പനോടയിൽ വച്ചു നടത്തിയ 101 മണിക്കൂർ ദിവ്യകാരുണ്യ ആരാധന പ്രത്യേകം എടുത്തു പറയേണ്ട താണ്. പകലും രാത്രിയും 5 ദിവസങ്ങളിൽ മുഴുവൻ സമയവും ധാരാളം ആളുകൾ വന്ന് ദിവ്യകാരുണ്യ സന്നിധിയിൽ ആരാധന നടത്തിയത് അവിസ്മരണീയമായ ഒരു കാര്യമായിരുന്നു.

**3. ജപമാല സമാഹരണം**

രാജ്യത്ത് സംശുദ്ധവും സമാധാനപൂർണ്ണവുമായ പൊതു തിരഞ്ഞെടുപ്പ് നടക്കുന്നതിനു വേണ്ടിയും ഭരണഘടനയും മതേതരത്വവും കാത്തു സൂക്ഷിക്കുകയും സത്യം നീതി ധർമ്മം തുടങ്ങിയ മൂല്യങ്ങൾ മുറുകെ പിടിക്കുകയും ദൈവഭയമുള്ള ഭരണകർത്താക്കളെ ലഭിക്കുന്ന തിനും, സുപ്രീം കോടതി, ഹൈക്കോടതി, ഇലക്ഷൻ കമ്മീഷൻ തുടങ്ങിയ ഭരണഘടനാ സ്ഥാപനങ്ങൾക്കുവേണ്ടിയും ജപമാലയർപ്പിച്ചു പ്രാർത്ഥി ക്കുന്നതിനും അനേകരിൽ നിന്നും ഈ നിയോഗങ്ങൾക്കായി ജപമാല സമാഹരിക്കുന്നതിനും 9.4.2019 ൽ ചേർന്ന സോണൽ സർവ്വീസ് ടീം തീരുമാനിച്ചു. ജപമാല സമാഹരണത്തിന്റെ ഔദ്യോഗിക ഉത്ഘാടനം അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് 12.4.2019 നു കുളത്തുവയൽ തീർത്ഥാടന പള്ളിയിൽ വച്ചു നിർവ്വഹിച്ചു. അഭിവന്ദ്യ പിതാവ് ഈ നിയോഗങ്ങൾക്കുവേണ്ടി 1000 ജപമാല വാഗ്ദാനം ചെയ്യുകയും എല്ലാവരും ഈ നിയോഗങ്ങൾക്കുവേണ്ടി സാധിക്കുന്നിടത്തോളം ജപമാല ചെല്ലി പ്രാർത്ഥിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു.

**4. LSS പ്രോഗ്രാം**

സഭാ നവീകരണത്തിനു വേണ്ടി എല്ലാ ഇടവകകളിലും, സ്കൂളുകളിലും, സെമിനാരികളിലും, സ്ഥാപനങ്ങളിലും LSS (Life in tru Spirit seminar) പ്രോഗ്രാം നടത്തണമെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ വീണ്ടും വീണ്ടും ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നു. കോഴിക്കോട് സോണിൽ കോടഞ്ചേരി സബ് സോണിലെ ഈരൂട് ഇടവകയിലും തിരുവമ്പാടി സബ് സോണിലെ പുല്ലൂരാംപാറ

ഇടവകയിലും 7 ആഴ്ചകൾ നീണ്ടു നിൽക്കുന്ന ഈ പ്രോഗ്രാം ആഴ്ചയിൽ 2 1/2 മണിക്കൂർ വീതം വിജയകരമായി നടത്തി. എല്ലാ ഇടവകകളിലും ഇതു നടപ്പിലാക്കുന്നതിനു വേണ്ടി സബ് സോണൽ തലത്തിൽ റിസോഴ്സസ് ട്രെയിനിംഗ് ആരംഭിച്ചിട്ടുണ്ട്. 11.04.2019 ഈ പ്രോഗ്രാം മലപുറം സബ് സോണിൽ നടത്തി.

**5. സോണൽ മീറ്റിംഗ്/ സർവ്വീസ് മീറ്റിംങ്ങ്**

13.4.2019 ന് കോഴിക്കോട് അശോകപുരം ഇടവകയിൽ വച്ച് സോണൽ മീറ്റിംഗ് നടത്തി. KCC, RST മധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രി സെക്രട്ടറി ബ്രദർ. വർഗീസ് പോൾ ക്ലാസ്സെടുക്കുകയും പങ്കെടുത്തവരെ ഗ്രൂപ്പുകളായി തിരിച്ച് രാജ്യത്തു നടന്നുകൊണ്ടിരിക്കുന്ന പൊതു തിരഞ്ഞെടുപ്പിനു വേണ്ടി പ്രവാചക മധ്യസ്ഥ പ്രാർത്ഥന നടത്തുകയും ചെയ്തു. കൂടാതെ 9.4.2019 നു ബാലുശ്ശേരിയിൽ വച്ചു സോണൽ സർവ്വീസ് ടീം മീറ്റിങ്ങും നടന്നു.

**6. മിഷൻ പ്രോഗ്രാം/ ഉത്തരേന്ത്യയിൽ മധ്യസ്ഥ പ്രാർത്ഥന**

സോണിൽ നിന്നും 6 പേർ മദ്ധ്യപ്രദേശിലെ ജബൽപൂർ രൂപതയിൽ 40 ദിവസം നീണ്ടു നിൽക്കുന്ന മുഴുവൻ സമയ ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുക്കുവാനായി പോയിട്ടുണ്ട്. രാജ്യത്തിനു വേണ്ടിയും സഭക്കു വേണ്ടിയും ഉത്തരേന്ത്യയിൽ എല്ലാ രൂപതകളിലും തന്നെ ഇത്തരത്തിലുള്ള മധ്യസ്ഥ പ്രാർത്ഥനകൾ ആരംഭിച്ചിട്ടുണ്ട്

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

**പി. എം. ഒ. സി. യിൽ വച്ച് നടത്തപ്പെടുന്ന പ്രോഗ്രാമുകൾ :**

1. Diploma course (1 year)
2. Counsiling skills course (10 days)
3. Couple Enrichment workshop (2 days)
4. Advanced counseling skills Training (1 week)
5. Alumini meet (1 day)
6. M S C Psychology in Counseling (2 years)

**മാസ്റ്റർ ഓഫ് സയൻസ് ഇൻ സൈക്കോളജി കൗൺസിലിംഗ്**

J P I -ൽ U G C യുടെ അംഗീകാരമുള്ള രണ്ടു വർഷത്തെ ദൈർഘ്യമുള്ള M S C Psychology in Counseling -ൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. രാജസ്ഥാനിലെ സിംഗാനിയാ യൂണി വേഴ്സിറ്റിയിൽ അഫലിയേറ്റഡ് ആണ്. ഏതു ഡിഗ്രിയിൽ

ബിരുദ മുള്ളവർക്കും അപേക്ഷിക്കാം. സീറ്റുകൾ പരിമിതം.

**ഡിപ്ലോമ കോഴ്സ് (1 year)**

ക്രിസ്ത്യൻ ചെയറിന്റെ കീഴിലുള്ള അഡ്വാൻസ്ഡ് ഡിപ്ലോമ **(ADCP)** കോഴ്സിലെ അഞ്ചും, ആറും ബാച്ചിലെ വിദ്യാർത്ഥികൾ വിജയകരമായി മുന്നോട്ടു പോകുന്നു.

**കൗൺസിലിംഗ് സികിൽ കോഴ്സ് ( 10 days )**

വ്യക്തിബന്ധങ്ങളെ അമൂല്യമായി കരുതുന്നവർക്ക് തങ്ങളെതന്നെ മനസ്സിലാക്കി സ്വയം വളരുവാനും, മറ്റുള്ളവരുടെ മാനസ്സീക വളർച്ചയിൽ സഹായിക്കുവാനും ഉപകരിക്കുന്ന പത്തു ദിവസത്തെ കൗൺസിലിംഗ് സ്കിൽസ് കോഴ്സ് മെയ് 13 മുതൽ മെയ് 22 – വരെ നടത്തപ്പെടുന്നു.

**ഫാ. കുര്യൻ പുരമഠം**
ഡയറക്ടർ, ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## ഫാമിലി അപ്പോസ്റ്റലേറ്റ്

ഏപ്രിൽ 08–11 **തീ**യ്യതികളിൽ പി.എം.ഒ.സി –യിൽ വച്ച് പ്രീ–കാനാ കോഴ്സ് നടത്തി. വിവിധ രൂപതകളിൽ നിന്നായി 124 പേർ പങ്കെടുത്തു. താമരശ്ശേരി രൂപതാ ബിഷപ്പ് അഭിവന്ദ്യ മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ, ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. ജോർജ്ജ് കളപ്പുര, ഫാ. റോയി തേക്കുംകാട്ടിൽ, ഫാ.റോണി പോൾ കാവിൽ, ഫാ. വിൽസൺ മൂട്ടത്തുകുന്നേൽ, ഫാ. അരുൺ വടക്കേൽ, സിസ്റ്റർ ആൻജോ എസ്. എച്ച്., ഡോ. അബ്രാഹം ജേക്കബ്, പ്രൊഫ. ചാക്കോ കാളംപറമ്പിൽ, മിസ്സിസ് ഷാന്റി ജോസ്, എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫാ. അജി പുതിയാപറമ്പിലിന്റെ നേതൃത്വത്തിൽ ഫാമിലി ചാറ്റ് നടത്തി. കോഴ്സിന്റെ അവസാനദിവസം മാതാപിതാക്കൾക്ക് ഫാ. ജോസ് പെണ്ണാപറമ്പിൽ, പ്രൊഫ. ചാക്കോ കാളംപറമ്പിൽ എന്നിവർ ക്ലാസുകൾ എടുത്തു. 200 – ഓളം മാതാപിതാക്കൾ പങ്കെടുത്തു. ക്ലാസ്സ് 1 മണിയോടെ അവസാനിച്ചു. എസ്.എച്ച്., എം.എസ്.ജെ, വിൻസെൻഷ്യൻ എന്നീ സന്ന്യാസിനി സമൂഹങ്ങളിലെ സിസ്റ്റേഴ്സ് കൗൺസിലിംഗിനു നേതൃത്വം നല്കി.

**അടുത്ത പ്രീ – കാനാ കോഴ്സുകൾ**
**മെയ് 06–09 ജൂൺ 03–06**

**ഹോം മിഷൻ**

താമരശേരി രൂപത ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ ചെമ്പുകടവ് ഇടവകയിൽ ഹോം മിഷൻ നടത്തി. തിരുഹൃദയ സന്ന്യാസിനി സമൂഹത്തിന്റെ

പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എൽസീനയുടെ നേതൃത്വത്തിൽ 20 – ഓളം സന്ന്യാസിനികൾ ഒരാഴ്ചകൊണ്ട് ഇടവകയിലെ 450 – ഓളം കുടുംബങ്ങൾ കയറി ഇറങ്ങി അവരുടെ അജപാലന വിശ്വാസജീവിതത്തെക്കുറിച്ച് ചോദിച്ചറിഞ്ഞ് അവർക്കുവേണ്ടി പ്രാർത്ഥിച്ചും, കുടുംബജീവിതത്തിനാവശ്യമായ ഉപദേശങ്ങൾ നൽകിയും ഹോം മിഷൻ വിജയകരമായി, ഫലപ്രദമായി പൂർത്തിയാക്കി. ഇടവകയിലെ ജനങ്ങളെ രണ്ടു ഗ്രൂപ്പായി തിരിച്ച് ദേവാലയത്തിൽവച്ച് അവർക്കായി ക്ലാസ്സും, സൗഖ്യാരാധനയും രണ്ടു ദിവസങ്ങളിലായി നടത്തി. ഡയറക്ടർ ഫാദർ ജോസ് പെണ്ണാപറമ്പിൽ, ഇടവകാ വികാരി ഫാ. ജോർജ്ജ് വരിക്കാശ്ശേരി എന്നിവർ നേതൃത്വം നൽകി.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്

---

# മരിയൻ പ്രോ- ലൈഫ് മൂവ്മെന്റ്

## അവിവാഹിതരുടെ സംഗമം

മലബാർ മേഖലാ പ്രോ- ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ അവിവാഹിതരുടെ സംഗമം തലശ്ശേരി രൂപതാകത്തീഡ്രൽ അങ്കണത്തുവച്ചു മെയ് മാസം 19-ാം തീയ്യതി നടത്തപ്പെടുന്നു. അവർ മാതാപിതാക്കളോടോപ്പമാണ് വരേണ്ടത്. രജിസ്ട്രേഷൻ ഫീസ് 200 രൂപയായിരിക്കും. പങ്കാളിയെ കണ്ടെത്താനും പരിചയപ്പെടാനും അവസരമുണ്ടായിരിക്കുന്നതാണ്. Contact No. 8289863810 & 9495693810 . ഇക്കാര്യം ഓരോ ഇടവകയിലും അറിയിക്കുവാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണമെ.

## ജപമാല റാലിയും കുരിശിന്റെ വഴിയും

താമരശ്ശേരി രൂപത പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ ജീവന്റെ സംരക്ഷണത്തിനും സമൃദ്ധിക്കും വേണ്ടി ജപമാല റാലിയും കുരിശിന്റെ വഴിയും നടത്തി. ഞായറാഴ്ച രാവിലെ കക്കാടംപോയിൽ നിന്ന് ആരംഭിച്ച ജപമാല റാലി വാളാംതോട്ടിൽ അവസാനിച്ചു. തുടർന്ന് വാളാംതോട്ടിൽ നിന്ന് തോട്ടപ്പിള്ളി കുരിശുപള്ളിയിലേയ്ക്ക് കുരിശിന്റെ വഴി നടത്തി.

തോട്ടപ്പിള്ളിയിൽ വിശുദ്ധ കുർബ്ബാനയും തുടർന്ന് പ്രോ-ലൈഫ് രൂപതാ ഭാരവാഹികളുടെ മീറ്റിംഗും നടത്തി. ജീവന്റെ സംരക്ഷണത്തിനും സമൃദ്ധിക്കും വേണ്ടി സംഘടിപ്പിച്ച പ്രാർത്ഥനാറാലിയിൽ രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് നൂറുകണക്കിന് ആളുകൾ പങ്കെടുത്തു. രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, രൂപതാ പ്രസിഡണ്ട് സജീവ് പുരയിടത്തിൽ, കെ.സി.ബി.സി പ്രോ-ലൈഫ് സമിതി ട്രഷറർ ടോമി പ്ലാത്തോട്ടം, ഡോ. സന്തോഷ് സ്ക്കറിയ, വിനോദ് വെട്ടത്ത്, മാർട്ടിൻ തെങ്ങുംത്തോട്ടത്തിൽ, സുബിൻ തയ്യിൽ, ജെയ്സൺ കുണ്ടുകുഴി, സിബി പുളിമൂട്ടിൽ, ഡേവിഡ്, ജിജോ ചക്കുമൂട്ടിൽ, രഞ്ജിത്ത്,

ജോൺസൺ തെങ്ങുംതോട്ടത്തിൽ,ഔസേപ്പച്ചൻ കളപ്പുര, തോമാച്ചൻ പുത്തൻപുരയിൽ, ഷാജി പുളിച്ചിലക്കാട്ട് എന്നിവർ നേതൃത്വം നൽകി.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**

ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# കെ.സി.വൈ.എം.

## റിസോഴ്സ് ടീം ട്രെയിനിങ്

മലപ്പുറം ,കരുവാരക്കുണ്ട് മേഖലകളിലെ തിരഞ്ഞെടുക്കപ്പെട്ട യുവജന ങ്ങളെ ഉൾപ്പെടുത്തി റിസോഴ്സ് ടീം രൂപീകരിക്കുകയും മാർച്ച് 2, മാർച്ച് 29 തിയ്യതികളിൽ ഫോർമേഷൻ ക്യാമ്പ് കാളികാവ്, മഞ്ചേരി എന്നിവിടങ്ങളിലായി സംഘടിപ്പിക്കുകയും എലീസിയൻ- വിശ്വാസപരിശീലന ക്യാമ്പിനുള്ള ഒരുക്ക ങ്ങൾ നടത്തുകയും ചെയ്തു.

## മേഖല സെനറ്റുകൾ നടത്തി

രൂപതയിലെ പതിനൊന്ന് ഫൊറോനകളിലും ഏപ്രിൽ 8 മുതൽ 14 വരെ യുള്ള തിയ്യതികളിൽ മേഖല സെനറ്റുകൾ സംഘടിപ്പിച്ചു. പതാക ഉയർത്തി ബൈബിൾ പ്രതിഷ്ഠ നടത്തി ആരംഭിച്ച സെനറ്റുകളിൽ എല്ലാ യൂണിറ്റുകളു ടെയും പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് അവതരിപ്പിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. എല്ലാ മേഖലകളിലും രൂപത ഭാരവാഹികളുടെ നേതൃത്വത്തിൽ സംഘടനാനേതൃത്വത്തെക്കുറിച്ചും നേതൃത്വ ത്തിലുള്ളവരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും ക്ലാസുകൾ നടത്തി. നേതൃത്വം നൽകിയ ഫൊറോന ഡയറക്ടറച്ചൻമാർക്കും ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിനും മേഖല ഭാരവാഹികൾക്കും ഹൃദയംഗമമായ നന്ദി.

## എലീസിയൻ - വിശ്വാസ പരിശീലന ക്യാമ്പ്

കെ സി വൈ എം യുവജനങ്ങളെ ഒരുമിപ്പിച്ച് രൂപീകരിച്ച രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ രൂപതയിലെ ഇരുപത്തഞ്ചോളം ഇടവകയിൽ 9. 10 11, 12 ക്ലാസുകളിലെ കുട്ടികൾക്കായി വിശ്വാസ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. കൃത്യമായ പരിശീലനത്തോടെ ക്യാമ്പിനായി ഒരുങ്ങി അഞ്ചു പേരടങ്ങുന്ന ടീം ആയാണ് റിസോഴ്സ് ടീം ക്യാമ്പുകൾ നടത്തിയത്. ബൈബിൾ സംബന്ധമായ അടിസ്ഥാന വിവരങ്ങൾ, വിശ്വാസവഴിയിലെ സംശയങ്ങൾ എന്ന പുസ്തക ത്തിലെ തിരഞ്ഞെടുക്കപ്പെട്ട വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ക്യാമ്പ് നടത്തിയത്. ഗെയിംസ്, ചർച്ചകൾ, ആക്ടിവിറ്റീസ് എന്നിവയിലൂടെ കുട്ടികളുടെ സഹകരണ ഉറപ്പാക്കുന്ന രീതിയിലാണ് ക്യാമ്പുകൾ നടത്തിയത്. ഇതിനായി എല്ലാവിധ സഹകരണങ്ങളും നൽകിയ മലപ്പുറം, കരുവാരക്കുണ്ട്,

മരുതോങ്കര, കൂരാച്ചുണ്ട് മേഖലകളിലെ ഫൊറോന ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും അവസരങ്ങൾ ഒരുക്കി എല്ലാവിധ സഹകരണങ്ങളും ചെയ്തു തന്ന വികാരിയച്ചൻമാർക്കും നന്ദി..

**ക്യാമ്പ് നടത്തിയ ഇടവകൾ:**

**വിലങ്ങാട് ഫൊറോന**

മഞ്ഞക്കുന്ന്

**മരുതോങ്കര ഫൊറോന**

പടത്തുകടവ്
ചെമ്പനോട
കുണ്ടുതോട്
ചാപ്പൻതോട്ടം

**കൂരാച്ചുണ്ട് ഫൊറോന**

കക്കയം
പെരുവണ്ണാമൂഴി
കൂരാച്ചുണ്ട്
പാത്തിപ്പാറ
കാറ്റുള്ളമല
കരിയാത്തുംപാറ

**കരുവാരക്കുണ്ട് ഫൊറോന**

കരുവാരക്കുണ്ട്
കാളികാവ്
അടയ്ക്കാക്കുണ്ട്
കൽക്കുണ്ട്
വാണിയമ്പലം
പാതിരിക്കോട്

**മലപ്പുറം ഫൊറോന**

കൂമംകുളം
പയ്യനാട്
മലപ്പുറം
തിരൂർ
കോട്ടയ്ക്കൽ

**ഏപ്രിൽ മാസം നിലാവുകൂട്ടങ്ങൾ നടത്തിയ യൂണിറ്റുകൾ**

ഏപ്രിൽ 6 - കൂരോട്ടുപാറ,
ഏപ്രിൽ 22 -പേരാമ്പ്ര,
ഏപ്രിൽ 28 - കാറ്റുള്ളമല

**ജപ്തി - നടപടിയിൽ കൈത്താങ്ങായി നമ്മുടെ ഇടവകകൾ**

കെ സി വൈ എം ഏറ്റെടുത്ത ജപ്തി ഭീക്ഷണി നേരിടുന്ന കുടുംബത്തിന് രക്ഷക്കായി വിവിധ ഇടവകകളിൽ നിന്ന് അകമഴിഞ്ഞ സഹായങ്ങൾ ലഭിച്ചതിനാൽ രണ്ടുലക്ഷത്തി ഇരുപതിനായിരത്തോളം രൂപയുടെ കടം മാർച്ച് മുപ്പത്തി ഒന്നിനു മുമ്പായി അടച്ചുതീർക്കാൻ സാധിച്ചു. ഇതിനായി വളരെയധികം സഹായങ്ങൾ ചെയ്ത ബഹുമാനപ്പെട്ട വികാരിയച്ചൻമാർക്കും കെ സി വൈ എം നേതാക്കൻമാർക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഇടവകകളിൽ നിന്നും ലഭിച്ച തുക**

| | | |
|---|---|---|
| 1. പാറോപ്പടി | - | 25000/- |
| 2. അശോകപുരം | - | 28000/- |
| 3. ചേവായൂർ | - | 40000/- |
| 4. ദേവഗിരി | - | 5000/- |

| | | | |
|---|---|---|---|
| 5. ഈസ്റ്റ്ഹിൽ | - | 8000/- | |
| 6. തോട്ടുമുക്കം | - | 20000/- | |
| 7. പുല്ലൂരാംപാറ | - | 11816/- | |
| 8. കരുവാരക്കുണ്ട് | - | 10000/- | |
| 9. പന്തല്ലൂർ | - | 11000/- | |
| 10. കൂരാച്ചുണ്ട് | - | 5000/- | |
| 11. താഴേക്കോട് | - | 5000/- | |
| 12. പെരിന്തൽമണ്ണ | - | 5000/- | |
| 13. കോടഞ്ചേരി | - | 10000/- | |
| 14. ചെമ്പനോട | - | 10000/- | |
| 15. വ്യക്തികളിൽ നിന്നും ലഭിച്ചത് | | - | 5000/- |
| 16. കൂമംകുളം | - | 2000/- | |
| 17. പയ്യനാട് | - | 2000/- | |
| 18. തിരുവമ്പാടി | - | 5000/- | |
| 19. ബിഷപ്സ് ഹൗസിൽ നിന്നും ലഭിച്ചത് | | - | 15000/- |

### 2018- 2019 പ്രവർത്തന വർഷത്തെ രൂപതയിലെ മികച്ച മേഖലകൾ

ഒന്നാം സ്ഥാനം - പാറോപ്പടി മേഖല
രണ്ടാം സ്ഥാനം - തിരുവമ്പാടി മേഖല
മൂന്നാം സ്ഥാനം - കൂരാച്ചുണ്ട് മേഖല

### 2018- 2019 പ്രവർത്തന വർഷത്തെ മികച്ച യൂണിറ്റുകൾ

ഒന്നാം സ്ഥാനം - കൂരോട്ടുപാറ യൂണിറ്റ്
രണ്ടാം സ്ഥാനം - ചെമ്പനോട യൂണിറ്റ്
മൂന്നാം സ്ഥാനം - മഞ്ഞക്കടവ് യൂണിറ്റ് & കൂടത്തായി യൂണിറ്റ്
നാലാം സ്ഥാനം - കൂമംകുളം യൂണിറ്റ്

### നോമ്പുകാല കുരിശിന്റെ വഴികൾ

### സംസ്ഥാനതല കുരിശിന്റെ വഴി

കെ സി വൈ എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ തലശ്ശേരി അതിരൂപതയുടെ ആഥിധേയത്വത്തിൽ തലശ്ശേരി ചെറുപുഴ കൊട്ടത്തലച്ചി കുരിശുമലയിൽ മാർച്ച് മാസം 28-ാം തിയ്യതി നടത്തിയ കുരിശിന്റെ വഴിയിൽ രൂപതയെ പ്രതിനിധീകരിച്ച് രൂപതാ എക്സിക്യൂട്ടിവ് മെംബേഴ്സായ ലിമ്ന ജോർജ്ജ്, സിപ്സിയ മാർട്ടിൻ, അനുപ്രിയ പ്ലാത്തോട്ടത്തിൽ, ടിബിൻ അഗസ്റ്റിൻ എന്നിവർ പങ്കെടുത്തു.

### ചാത്തൻകോട്ടുനട - പൊയ്ലോംചാൽ കുരിശിന്റെ വഴി

കെ സി വൈ എം താമരശേരി രൂപതയുടെ നേതൃത്വത്തിൽ മരുതോങ്കര മേഖലയുടെ ആഥിധേയത്വത്തിൽ നടത്തിവരുന്ന ഒൻപതാമത് കുരിശിന്റെ വഴി ഏപ്രിൽ മാസം 5-ാം തിയ്യതി രാവിലെ ചാത്തൻകോട്ടു നട സോഫിയ ദൈവാല

യത്തിൽ നിന്നും പൊയ്‌ലോം ചാൽ പള്ളിയിലേക്ക് യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തി. റവ. ഫാ. ജോസ് മുളങ്ങാട്ടിലിന്റെ വചനസന്ദേശത്തോടുകൂടെ ആരംഭിച്ച കുരിശിന്റെ വഴിയിൽ നാനൂറോളം വിശ്വാസികളും യുവജനങ്ങളും പങ്കെടുത്തു. ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ ദിവ്യബലിയർപ്പിച്ചു. ക്രമീകരണങ്ങൾ നടത്തി നേതൃത്വം നൽകിയ മേഖല ഡയറക്ടർ ആന്റണി ചെന്നിക്കര, ചാത്തംകോട്ടുനട വികാരി ഫാ. ജോർജ്ജ് തീണ്ടാപ്പാറ, പൊയ്‌ലോംചാൽ വികാരി, ഫാ. റ്റിൽജോ പാറത്തോട്ടം, ചാപ്പൻതോട്ടം വികാരി ഫാ. ജോസ് കരോട്ടുഴുന്നാലിൽ, രൂപതാ ആനിമേറ്റർ സി. പ്രീതി എം എസ്. എം ഐ. രൂപത ജനറൽ സെക്രട്ടറി വിശാഖ് തോമസ്, സെക്രട്ടറി അഭിലാഷ് ബാബു, മേഖല പ്രസിഡന്റ് നിഖിൽ മാത്യു എന്നിവർക്ക് നന്ദിയർപ്പിക്കുന്നു.

### കുളത്തുവയൽ തീർത്ഥാടനം - വളന്റിയേഴ്സ്

താമരശ്ശേരി രൂപതയുടെ ഔദ്യോഗിക തീർത്ഥാടന കേന്ദ്രമായ കുളത്തുവയലിലേക്കുള്ള കുരിശിന്റെ വഴിയിൽ വളന്റിയേഴ്സായി തിരുവമ്പാടി, താമരശ്ശേരി, കൂരാച്ചുണ്ട് മേഖലയിലെ നൂറോളം യുവജനങ്ങൽ സ്തുത്യർഹമായി സേവനം നടത്തി. വെള്ളം വിതരണം ചെയ്യാനും അവശരായവരെ സഹായിക്കാനും കുപ്പിവേസ്റ്റുകൾ കളക്ട് ചെയ്യാനും തുടങ്ങി യുവജനങ്ങൾ നടത്തിയ നിസ്തുലമായ സേവനങ്ങൾക്ക് നന്ദിയർപ്പിക്കുന്നു.

### അറിയിപ്പുകൾ

### വുമൺസ- 2019 - വനിതാസംഗമം

കെ സി വൈ എം താമരശ്ശേരി രൂപതയിലെ പെൺകരുത്ത് തെളിയിക്കാൻ മെയ് മാസം 11 കൈതപ്പോയിൽ ലിസ കോളേജിൽ വെച്ച് വനിതസംഗമം നടത്തുന്നു. എല്ലാ യൂണിറ്റിലെയും വനിതാപ്രതിനിധികളെ (വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി, വനിതാ എക്സിക്യൂട്ടീവ്സ് എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.) രാവിലെ 9 ന് ആരംഭിച്ച് 3.30 അവസാനിക്കുന്നു.

### ലീഡേഴ്സ് മീറ്റ്

കട്ടാങ്കൽ സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വെച്ച് കെ.സി.വൈ.എം രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ. സൗബിൻ ഇലഞ്ഞിക്കൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ രൂപതാ സമിതി നടത്താനിരിക്കുന്ന ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. മുൻ കെ.സി.വൈ.എം രൂപതാ പ്രസിഡന്റ് ശ്രീ. ഷൈജു അതിരമ്പുഴ രൂപതാ അംഗങ്ങൾക്ക് ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നൽകി. സി. പ്രീതി ജോർജ്, വിശാഖ് തോമസ്, സിപ്സിയ, അഭിലാഷ് ബാബു, അനുപ്രിയ എന്നിവർ നേതൃത്വം നൽകി.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടി**
ഡയറക്ടർ, കെ.സി.വൈ.എം

# സ്റ്റാർട്ട്

## സ്റ്റാർട്ടിൽ മികച്ച വിജയം

ബാച്ചിലർ ഓഫ് ഡിസൈൻ (B Des) കോഴ്സിൽ പ്രവേശനത്തിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID) അഖിലേന്ത്യാതലത്തിൽ നടത്തിയ മത്സര പരീക്ഷയിൽ ജേക്കബ് എബ്രഹാം 137-ാം റാങ്കോടെ പ്രവേശനത്തിന് യോഗ്യത നേടി.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (NIFT) യിൽ പ്രവേശനത്തിനായി നടത്തിയ അഖിലേന്ത്യാ മത്സരപരീക്ഷയിൽ മെൽവിൻ ടോംസ്, ജേക്കബ് എബ്രഹാം, ടാനി മരിയ, ഡെയിൻ ജോസഫ്, ആഷ്ന അലക്സ്, ടിനു ജോസ് എന്നിവർ പ്രവേശനത്തിന് യോഗ്യതനേടി. ദേശീയ തലത്തിലുള്ളമറ്റ് പ്രധാന പരീക്ഷകളുടെയും ഫലത്തിനായി കാത്തിരിക്കുന്നു.

14-ാം MTC കോഴ്സിന്റെ (2019-20) ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. 2019 മെയ് 15 വരെ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. ഓഫീസുമായി ബന്ധപ്പെടുക: 0495 2357843, 9846846816.

**മോൺ ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# വികസന വേദി

## അതിജീവനം പദ്ധതി

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ താമരശ്ശേരി രൂപതയിൽ പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അതിജീവനം പദ്ധതി ആരംഭിച്ചു. കാരിത്താസ് ഇന്ത്യയും താമരശ്ശേരി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സി.ഒ.ഡി.യും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. പ്രളയത്തിലും പ്രകൃതി ദുരന്തങ്ങളിലുമായി വീടുകളും കൃഷി ഭൂമിയും കൃഷിയും നശിച്ചവർക്ക് ആശ്വാസമാകുന്നതാണ് പദ്ധതി. ഉരുൾ പൊട്ടലുകളിൽ ഭാഗികമായി തകർന്ന വീടുകളുടെ അറ്റകുറ്റപണി, ശൗചാലയ നിർമ്മാണം, കിണർ ശുചീകരണം, ക്ലോറിനേഷൻ, ജലഗുണമേന്മ പരിശോധന തുടങ്ങിയവയ്ക്ക് സഹായം നല്കും. വാഴ, പച്ചക്കറി, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ കൃഷി ചെയ്യുന്നതിനാവശ്യമായ വിത്തുകളും വളവും നൽകുന്നതോടൊപ്പം കൃഷി ചെയ്യുന്നതിനാവശ്യമായ

സാമ്പത്തിക സഹായവും നൽകുന്നതാണ്. ആടുകൾ, കോഴിക്കുഞ്ഞുങ്ങൾ എന്നിവയെയും അതി ജീവനം പദ്ധതിയിലൂടെ നൽകുന്നുണ്ട്. ദുരിത ബാധിത മേഖലകളിലെ തിരഞ്ഞെടുക്കപ്പെട്ട 361 കുടുംബങ്ങൾക്കായി 40 ലക്ഷം രൂപയുടെ പദ്ധതിയാണ് നടപ്പാക്കുന്നത്.

മൈലള്ളാംപാറ പാരിഷ് ഹാളിൽ വച്ച് നടന്ന രൂപതാ തല ഉൽഘാടനം ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിച്ചു. സി.ഒ.ഡി. ഡയറക്ടർ ഫാ.ജോസഫ് മുകളേപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. കാരിത്താസ് ഇന്ത്യ കോർഡിനേറ്റർ അബീഷ് ആന്റണി പദ്ധതി വിശദീ കരിച്ചു. സി.ഒ.ഡി.അസി.ഡയറക്ടർ ഫാ.ജോർജ് ചെമ്പരത്തിക്കൽ, കോർഡി നേറ്റർമാരായ സി.റോസ് മൈക്കിൾ എം.എസ്.എം.ഐ, ജോയി കാലായിൽ. ത്രേസ്യാമ്മ തോമസ്, സോമിനി ജോസഫ് എന്നിവർ പ്രസംഗിച്ചു.

## Training on Pollution Free Poultry Farming

സി.ഒ.ഡി.യുടെയും കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെയും നേതൃത്വത്തിൽ Pollution Free Poultry Farming പരിശീലന ഉൽഘാടനം സി.ഒ.ഡി.ഡയറക്ടർ ഫാ.ജോസഫ് മുകളേപറമ്പിൽ നിർവ്വഹിച്ചു. കേരള സോഷ്യൽ സർവ്വീസ് ഫോറം കോർഡിനേറ്റർ സി.ജെസ്സീന ആമുഖ പ്രഭാഷണം നടത്തി. പാലക്കാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി മി. ഷിജു തോമസ്സ് ക്ലാസ്സ് നയിച്ചു. മി. ജോയ് കെ. സി., സി. റോസ് മൈക്കിൾ എം.എസ്.എം.ഐ എന്നിവർ പ്രസംഗിച്ചു. മലബാർ റീജണിലെ ആറ് രൂപതകളിൽ നിന്നായി വിധവകളായ മുപ്പതോളം പേർ പങ്കെടുത്തു. ഓരോ രൂപതയിലെയും തിരഞ്ഞെടു ക്കപ്പെട്ട വിധവകളായ അഞ്ച് സ്ത്രീകൾക്ക് 20000/- രൂപ വീതം സഹായമാണ് Pollution Free Poultry Farming നായി നല്കിയത്.

**ഫാ. ജോസഫ് മുകളേപ്പറമ്പിൽ**
ഡയറക്ടർ, വികസനവേദി

# ആൽഫ മരിയ അക്കാദമി

### 1. എൻട്രൻസ് ക്രാഷ് കോഴ്സ് ആൽഫയിൽ ആരംഭിച്ചു

ആൽഫ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷക്കുള്ള ക്രാഷ് കോഴ്സ് മാർച്ച് 27 ന് ആരംഭിച്ചു. KEAM,NEET,JEE Main തുടങ്ങിയ പ്രവേശന പരീക്ഷകൾക്കുള്ള തീവ്ര പരിശീലനമാണ് നൽകുന്നത്. മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനരംഗത്ത് ഇന്ത്യയിലെ മികച്ച സ്ഥാപനങ്ങളിലൊ ന്നായ ബ്രില്ല്യന്റ്

പാലായുടെ ഗൈഡൻസിലും നിയന്ത്രണത്തിലുമുള്ള പരിശീലനമാണ് ആൽഫയിൽ നൽകുന്നത്.

**2. +1 & +2 അഡ്മിഷൻ (എൻട്രൻസ് പരിശീലനവും ട്യൂഷനും)**

Plus Two Science Entrance Oriented Tuition ക്ലാസുകൾ ഏപ്രിൽ 4 ന് ആൽഫയുടെ തിരുവമ്പാടി സെന്ററിൽ ആരംഭിച്ചു. Plus One Science ക്ലാസുകൾ മെയ് 1 ന് ആൽഫയുടെ തിരുവമ്പാടി സെന്ററിൽ ആരംഭിക്കുന്നു. ബ്രില്ല്യന്റ് സ്റ്റഡി സെന്റർ പാലായുടെ നിയന്ത്രണത്തിലും ഗൈഡൻസിലുമാണ് ക്ലാസുകൾ നടക്കുന്നത്.

**3. പി.എസ്.സി ക്രാഷ് കോഴ്സ്**

2019 ഏപ്രിൽ 3 -ാം തീയതി മുതൽ മെയ് 31 വരെയുള്ള പി.എസ്.സി ക്രാഷ് കോഴ്സ് ആൽഫയുടെ തിരുവമ്പാടി സെന്ററിൽ ആരംഭിച്ചു.

**4. വെക്കേഷൻ ക്ലാസുകൾ- (UP & HS)**

**UP & HS** വിദ്യാർത്ഥികൾക്കായുള്ള വെക്കേഷൻ ക്ലാസുകൾ (Basic Maths, Hindi and English) ഏപ്രിൽ 3-ാം തിയതി ആൽഫയുടെ തിരുവമ്പാടി സെന്ററിൽ ആരംഭിച്ചു.

**5. ഹൈസ്കൂൾ ട്യൂഷൻ (CBSE & ICSE)**

2019 ലേക്കുള്ള 10 -ാം ക്ലാസിലേക്കുള്ള ട്യൂഷൻ അഡ്മിഷൻ ഏപ്രിൽ 8 മുതൽ ആരംഭിച്ചു. 8,9 ലേക്കുള്ള ട്യൂഷൻ ക്ലാസുകൾ മെയ് 13 മുതൽ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0495-2252180, 8547153669, 9447494190 നമ്പറുകളിൽ ബന്ധപ്പെടുക.

**6. ആൽഫയിൽ പ്രീ- റിക്രൂട്ട്മെന്റ് ട്രെയിനിംഗ്**

താമരശ്ശേരി രൂപതയുടെ കീഴിലുള്ള ആൽഫ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് ആരംഭിക്കുന്നു. ആർമിയുലും കേന്ദ്ര സേനകളിലും പോലീസിലും ജോലി ആഗ്രഹിക്കുന്ന 17 നും 23 നും ഇടയിൽ പ്രായമുള്ള പുരുഷന്മാർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 6.30 മുതൽ 8 മണിവരെ തിരുവമ്പാടി ഹൈസ്കൂൾ ഗ്രൗണ്ടിൽ കായിക പരിശീലനവും ശനിയാഴ്ചകളിൽ ആൽഫ സെന്ററിൽ ക്ലാസുകളും ഉണ്ടായിരിക്കും. ആർമിയിലും കേന്ദ്ര സേനകളിലും ആയിരക്കണക്കിന് ഒഴിവുകൾ വർഷം തോറും ഉണ്ടാകുന്നത് ഉദ്യോഗാർത്ഥികളുടെ ജോലി സാധ്യത വർദ്ധിപ്പിക്കുന്നു. മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകളും ആനുകൂല്യ ങ്ങളും ഈ മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നു. കോഴ്സിന് പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആൽഫയുടെ തിരുവമ്പാടി സെന്ററിൽ പേര് രജിസ്റ്റർ ചെയ്യുക. ഫോൺ : 0495 2252180.

**7. ആൽഫ മരിയ അക്കാദമി വാർഷികം നടത്തി**

ആൽഫ മരിയ അക്കാദമിയിൽ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ്

വിഭാഗത്തിന്റെ വാർഷികാഘോഷം കുന്ദമംഗലം സെന്റ് ജോസഫ് പാരീഷ് ഹാളിൽ വച്ച് നടത്തി. ആൽഫയുടെ വിവധ സെന്ററുകളിലെ നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു. വാർഷികാത്തോടനുബന്ധിച്ച് നടത്തിയ പൊതു സമ്മേളനം താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ശ്രീമതി. ലിഡാ ജേക്കബ് IAS യോഗത്തിന് അധ്യക്ഷം വഹിക്കുകയും വിദ്യഭ്യാസ ഡപ്യൂട്ടി ഡയറക്ടർ പി. സഫറുള്ള മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു. കോഴ്സ് കോഡിനേറ്റർ ശ്രീ. വി.എ. ജോസ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. കുന്ദമംഗലം ഇടവക വികാരി ഫാ. സൈമൺ കിഴക്കേക്കുന്നേൽ, വിദ്യാർത്ഥി പ്രതിനിധി ആൻ മേരി ആഗസ്റ്റ്യൻ എന്നിവർ ആശംസാ പ്രസംഗം നടത്തി. ശ്രീ. സോമനാഥൻ കുട്ടത്ത് ക്ലാസെടുത്തു. ആൽഫ ഡയറക്ടർ ഫാ. തോമസ് പുതിയാപറമ്പിൽ സ്വാഗതവും ശ്രീ. എം.വി. ജോർജ് നന്ദിയും പറഞ്ഞു. വിവിധ മത്സരത്തിൽ വിജയികളായ വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

**ഫാ. തോമസ് പുതിയാപറമ്പിൽ**

ഡയറക്ടർ, ആൽഫ മരിയ അക്കാദമി



# യേശുനിധി

യേശുനിധി ഫണ്ടിൽ നിന്ന് **21.03.2019** മുതൽ **20.04.2019** വരെ അനുവദിച്ച തുക

## വിദ്യാഭ്യാസം

| | | |
|---|---|---|
| 1 | കാക്കവയൽ | 10,000.00 |
| 2 | മഞ്ഞുവയൽ | 10,000.00 |

## വീട്

| | | |
|---|---|---|
| 3 | അടയ്ക്കാകുണ്ട് | 10,000.00 |
| 4 | ചിപ്പിലിത്തോട് | 15,000.00 |
| 5 | കാക്കവയൽ | 20,000.00 |
| 6 | കട്ടാങ്ങൽ | 20,000.00 |
| 7 | കോടഞ്ചേരി | 15,000.00 |
| 8 | കോടഞ്ചേരി | 20,000.00 |
| 9 | കുളത്തുവയൽ | 15,000.00 |
| 10 | കുണ്ടുതോട് | 15,000.00 |
| 11 | കുണ്ടുതോട് | 15,000.00 |
| 12 | മാലാപറമ്പ് | 15,000.00 |
| 13 | മഞ്ഞക്കുന്ന് | 10,000.00 |
| 14 | മഞ്ഞക്കുന്ന് | 10,000.00 |
| 15 | പനംപ്ലാവ് | 15,000.00 |
| 16 | പയ്യനാട് | 15,000.00 |
| 17 | പെരിന്തൽമണ്ണ | 15,000.00 |
| 18 | പെരുവണ്ണാമൂഴി | 20,000.00 |
| 19 | പൂതംപാറ | 15,000.00 |
| 20 | പുല്ലൂരാംപാറ | 15,000.00 |
| 21 | പുല്ലൂരാംപാറ | 10,000.00 |
| 22 | വലമ്പൂർ | 10,000.00 |
| 23 | വാലില്ലാപ്പുഴ | 20,000.00 |
| 24 | വലിയകൊല്ലി | 20,000.00 |

## ചികിത്സ

| | | |
|---|---|---|
| 25 | ചക്കിട്ടപാറ | 20,000.00 |
| 26 | ചക്കിട്ടപാറ | 5,000.00 |
| 27 | ചെമ്പുകടവ് | 15,000.00 |
| 28 | കക്കാടംപൊയിൽ | 10,000.00 |
| 29 | കക്കാടംപൊയിൽ | 15,000.00 |
| 30 | കൽക്കുണ്ട് | 10,000.00 |
| 31 | കല്ലാനോട് | 10,000.00 |
| 32 | കട്ടിപ്പാറ | 15,000.00 |
| 33 | കട്ടിപ്പാറ | ~~20,000.00~~ |
| 34 | കൂടത്തായ് | 10,000.00 |
| 35 | കൂരാച്ചുണ്ട് | 6,000.00 |
| 36 | കൂരോട്ടുപാറ | 10,000.00 |
| 37 | കൂരോട്ടുപാറ | 10,000.00 |
| 38 | കൂരോട്ടുപാറ | 10,000.00 |
| 39 | കൂരോട്ടുപാറ | 10,000.00 |
| 40 | മൈലെള്ളാംപാറ | 10,000.00 |
| 41 | പശുക്കടവ് | 15,000.00 |
| 42 | പൂഴിത്തോട് | 10,000.00 |
| 43 | താമരശ്ശേരി | 15,000.00 |
| 44 | വയലിട | 10,000.00 |

## വിവാഹം

| | | |
|---|---|---|
| 45 | ചാപ്പൻതോട്ടം | 15,000.00 |
| 46 | ചാപ്പൻതോട്ടം | 15,000.00 |
| 47 | ചെമ്പുകടവ് | 20,000.00 |
| 48 | മാവൂർ | 20,000.00 |
| 49 | മുത്തപ്പൻപുഴ | 20,000.00 |
| 50 | പനംപ്ലാവ് | 15,000.00 |
| 51 | വാളൂക്ക് | 20,000.00 |
| | **ആകെ തുക** | **7,16,000.00** |

**ഫാ. ജെയിംസ് കുഴിമറ്റത്തിൽ**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## മെയ് 2019

01 വൈകുന്നേരം മരുതോങ്കര ഫൊറോന ബൈബിൾ കൺവെൻഷനോട നുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

02 രാവിലെ പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ ആൺകുട്ടികളുടെ ദൈവവിളി ക്യാമ്പിൽ സംബന്ധിച്ചവർക്കായി വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

താമരശ്ശേരി രൂപതാഭവനിൽ വിവിധ മേജർ സെമിനാരികളിൽ രൂപതയ്ക്കു വേണ്ടി പഠിക്കുന്ന വൈദികവിദ്യാർത്ഥികളെ കണ്ട് അവരുടെ പഠനപു രോഗതി വിലയിരുത്തി.

രൂപതാഭവനിൽ സലേഷ്യൻ സമൂഹത്തിന്റെ കൗൺസിലർ ജിയറോമോ ബസാനാസുമായി കൂടിക്കാഴ്ച നടത്തി.

04 ശാലോം ടി.വി.യ്ക്കുവേണ്ടി പ്രോഗ്രാം ചെയ്തു.

05 രാവിലെ തലശ്ശേരി രൂപതാഭവനിൽ തലശ്ശേരി അതിരൂപത പ്രവിശ്യ മെത്രാന്മാരുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

06 ഉച്ചയ്ക്ക് മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയയിൽ 10 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം മാതൃരൂപതയിലേക്ക് വന്ന ബഹു. മാത്യു പുളിമൂട്ടിലച്ചനെയും കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയ പ്പുരയ്ക്കലിനെയും കൂരിയായിലെ വൈദികരെയും സന്ന്യസ്തരെയും രൂപ താഭവനിൽ സ്വീകരിച്ചു.

07 രാവിലെ ബൽത്തങ്ങാടി രൂപതയിലെ നെല്ലിയാടി ഇടവകയിൽ വി. കുർബാ നയർപ്പിച്ചു. തുടർന്ന് നെല്ലിയാടി ജ്ഞാനോദയ ബഥനി സ്കൂൾ ഓഡി റ്റോറിയത്തിൽ സംഘടിപ്പിച്ച കത്തോലിക്കാ കോൺഗ്രസിന്റെ സൗത്ത് കാനറ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം വെറ്റിലപ്പാറ ഇടവകയിൽ പരേതയായ കള്ളികാട്ട് മോളി യുടെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

08 രാവിലെ രൂപതാഭവനിൽ മെത്രാഭിഷേകദിന വാർഷികത്തോടനുബന്ധിച്ച് അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിനോടും രൂപതാഭവനിലെ വൈദികരോടും മറ്റുള്ളവരോടുമൊപ്പം കൃതജ്ഞതാബലിയർപ്പിച്ചു.

രൂപതാഭവനിൽ താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിലേക്ക് വൈദികപഠനത്തിന് ആഗ്രഹം പ്രകടിപ്പിച്ച വിദ്യാർത്ഥികളുമായി കൂടി ക്കാഴ്ച നടത്തി.

വൈകുന്നേരം തിരുവമ്പാടിയിൽ ഒരു ഡെന്റൽ ക്ലിനിക് വെഞ്ചരിച്ചു.

09 രാവിലെ രൂപതാഭവനിൽ താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിലേക്ക് വൈദികപഠനത്തിന് ആഗ്രഹം പ്രകടിപ്പിച്ച വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി.

10 രാവിലെ കൂടത്തായി ഇടവകയിൽ ജീസസ്സ് യൂത്ത് കോഴിക്കോട് സോൺ സംഘടിപ്പിച്ച ആത്മീയ ഒരുക്കധ്യാനത്തിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു.

കുന്ദമംഗലം ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ പ്രോഗ്രാമിന്റെ വാർഷികം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം പി.എം.ഒ.സി.യിൽ പ്രീകാന കോഴ്സിൽ പങ്കെടുത്തവർക്കു വേണ്ടി ക്ലാസ്സെടുത്തു.

ചേവായൂർ പ്രസന്റേഷൻ പ്രൊവിൻഷ്യൽ ഹൗസിന്റെ പുതുതായി നിർമ്മിച്ച കെട്ടിടം വെഞ്ചരിച്ചു.

11 രാവിലെ പാലായിൽ പരേതനായ കേരളകോൺഗ്രസ് എം. ചെയർമാനും രാഷ്ട്രീയ സാമൂഹികരംഗത്തെ പ്രഗത്ഭനും മുൻമന്ത്രിയുമായ കെ.എം. മാണിയുടെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പരേതനുവേണ്ടി പ്രാർത്ഥിച്ചു.

12 രാവിലെ താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും കുളത്തുവയൽ തീർത്ഥാടനകേന്ദ്രത്തിലേയ്ക്ക് കാൽനടയായി നടത്തിയ നാൽപ്പതാം വെള്ളി തീർത്ഥയാത്രയ്ക്ക് നേതൃത്വം നൽകി. തുടർന്ന് തീർത്ഥാടന കേന്ദ്രത്തിൽ മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിനോടും മറ്റു വൈദികരോടുമൊപ്പം വി. കുർബാനയർപ്പിച്ചു.

13 രാവിലെ താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ രൂപതയിലെ വൈദികവിദ്യാർത്ഥികൾക്ക് പ്രാഥമിക പട്ടങ്ങൾ നൽകി.

14 രാവിലെ കട്ടിപ്പാറ ഇടവക ദൈവാലയത്തിൽ ഓശാന ഞായറാഴ്ചത്തെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

15 രാവിലെ താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിക്കുകയും അഭിഷേകതൈല വെഞ്ചരിപ്പ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

16 ഉച്ചകഴിഞ്ഞ് കോഴിക്കോട് ജില്ലാ ജയിലിൽ വലിയ ആഴ്ചയോടനുബന്ധിച്ച് കാൽകഴുകൽ ശുശ്രൂഷ നടത്തി.

വൈകുന്നേരം തിരുവമ്പാടി ഇടവകയിൽ വി. കുർബാനയർപ്പിച്ച് നവീകരിച്ച ദൈവാലയം വെഞ്ചരിച്ചു.

17 വൈകുന്നേരം കാളികാവ് ഇടവക ദൈവാലയത്തിൽ വി. കുർബാന യർപ്പിച്ച് പുതുക്കിപ്പണിത സിമിത്തേരി വെഞ്ചരിച്ചു.

18 രാവിലെ താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ പെസഹാവ്യാഴാഴ്ച തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി വി. കുർബാനയർപ്പിച്ചു.

വൈകുന്നേരം ദേവഗിരി ഇടവകയിൽ നാൽപ്പതുമണി ആരാധനയുടെ സമാപനത്തോടനുബന്ധിച്ച് ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ പങ്കെടുക്കുകയും തുടർന്ന് പെസഹാവ്യാഴാഴ്ച തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി വി. കുർബാനയർപ്പിക്കുകയും ചെയ്തു.

19 രാവിലെ കല്ലുരുട്ടി ഇടവക ദൈവാലയത്തിൽ പീഡാനുഭവവെള്ളിയാഴ്ച തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

20 രാവിലെ കോതമംഗലം രൂപതയിലെ തെനങ്കുന്ന് ഇടവകയിലെ പരേതനായ പ്രൊഫ. തോമസ് പൈലിയുടെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

21 രാവിലെ താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ഉയിർപ്പുതിരുനാളിന്റെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

ചക്കിട്ടപാറ ഇടവകയിൽ പരേതനായ കിഴക്കേക്കര ബെന്നി ജേക്കബിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസുചൊല്ലി പരേതനു വേണ്ടി പ്രാർത്ഥിച്ചു.

22 രാവിലെ മൈലെള്ളാംപാറ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും നവീകരിച്ച ദൈവാലയം പുനർകൂദാശ ചെയ്യുകയും ചെയ്തു.

കോഴിക്കോട് പ്രസന്റേഷൻ പ്രൊവിഷ്യൽ ഭവനത്തിൽ വി. കുർബാന യർപ്പിച്ച് പ്രസന്റേഷൻ സന്യാസിനിസമൂഹത്തിലെ ഏതാനും അർത്ഥിനി കളുടെ വ്രതവാഗ്ദാനത്തിന് കാർമ്മികത്വം വഹിക്കുകയും ജൂബിലി ആഘോഷിക്കുന്നവർക്ക് ആശംസകൾ നേരുകയും ചെയ്തു.

വൈകുന്നേരം വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ ഒരു വിവാഹവാഗ്ദാനത്തിന് കാർമ്മികത്വം വഹിച്ചു.

23 രാവിലെ കോരങ്ങാട് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ ലോക സഭ തെരഞ്ഞെടുപ്പിൽ സമ്മതിനാവകാശം വിനിയോഗിച്ചു.

വൈകുന്നേരം കുമ്പുള്ളി ഇടവക ദൈവാലയത്തിൽ വികാരി ബഹു. ജെയിംസ് കുഴിമറ്റത്തിലച്ചന്റെ പൗരോഹിത്യ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് ആശംസകൾ നേർന്നു.

24 രാവിലെ തലയാട് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും തുടർന്ന് പുതുതായി നിർമ്മിച്ച പാരിഷ് ഹാൾ വെഞ്ചരിക്കുകയും ചെയ്തു.

താമരശ്ശേരി ആരാധന പ്രൊവിൻഷ്യൽ ഭവനത്തിൽ വി. കുർബാനയർപ്പിച്ച്

ആരാധാന സന്യാസിനിസമൂഹത്തിലെ ഒരു അർത്ഥിനിയുടെ പ്രഥമവ്രത വാഗ്ദാനത്തിന് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം തിരുവമ്പാടി ഇടവകയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് സംഘടിപ്പിച്ച സന്യാസസംഗമത്തിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു.

തലശ്ശേരി അതിരൂപതാഭവനിൽ നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ പിതാക്കന്മാർക്ക് ആശംസകൾ നേർന്നു.

25 ചെമ്പുകടവ് ഇടവകയിൽ രണ്ടു ഭവനങ്ങൾ വെഞ്ചരിച്ചു.

തിരുവമ്പാടി ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സി.എം.സി. സന്യാസിനിസമൂഹത്തിലെ ഏതാനും അർത്ഥിനികളുടെ പ്രഥമവ്രത വാഗ്ദാനത്തിന് കാർമ്മികത്വം വഹിക്കുകയും സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സന്യാസിനികൾക്ക് ആശംസകൾ നേർന്നു.

ഉച്ചകഴിഞ്ഞ് മാനന്തവാടി രൂപതയിലെ നരിവാലമുണ്ട ഇടവകയിൽ പരേതനായ ആന്റണി ചെമ്പുകണ്ടത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം കോഴിക്കോട് മലാപറമ്പിൽ എഫ്.സി.സി. പ്രൊവിൻഷ്യൽ ഭവനത്തിൽ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

26 രാവിലെ ഇരിങ്ങാലക്കുട രൂപതയിലെ പുത്തൻചിറ ഇടവകയിൽ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി

27 കൂരാച്ചുണ്ട് ഫൊറോന ഇടവകയിൽ നടന്ന 33-ാമത് താമരശ്ശേരി രൂപതാദിനാഘോഷത്തിൽ സംബന്ധിച്ചു.

വൈകുന്നേരം തെയ്യപ്പാറ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് പുതുതായി നിർമ്മിച്ച ഗ്രോട്ടോ വെഞ്ചരിച്ചു.

28 രാവിലെ മാനന്തവാടി രൂപതയിലെ പൂളപ്പാടം ഇടവകയിൽ വി. കുർബാനയർപ്പിച്ച് ഏതാനും കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യം നൽകി.

ഉച്ചകഴിഞ്ഞ് പൂഴിത്തോട് ഇടവകയുടെ സുവർണ്ണ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും തുടർന്ന് പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

29 രാവിലെ കുളത്തുവയൽ എം.എസ്.എം.ഐ. ജനറലേറ്റിൽ വി. കുർബാനയർപ്പിച്ച് സന്യാസിനിസമൂഹത്തിലെ ഏതാനും അർത്ഥിനികളുടെ വ്രതവാഗ്ദാനത്തിന് കാർമ്മികത്വം വഹിക്കുകയും ജൂബിലി ആഘോഷിക്കുന്ന സന്യാനിസിനികൾക്ക് ആശംസകൾ നേരുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് താമരശ്ശേരി പബ്ലിക് ലൈബ്രറിയിൽ പത്മശ്രീ ജേതാവ് കൊടുവള്ളി സ്വദേശി മുഹമ്മദിനെ ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം പി.എം.ഒ.സി.യിൽ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഗ്രാന്റ് മാസ്റ്റർ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

30 രാവിലെ കണ്ണോത്ത് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് ഏതാനും കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യം നൽകി.

ചേവാരമ്പലം ക്രിസ്തുദാസി സന്യാസിനി സമൂഹത്തിന്റെ ജനറലേറ്റിൽ വി. കുർബാനയർപ്പിച്ച് ജൂബിലി ആഘോഷിക്കുന്ന സന്യാസിനികൾക്ക് ആശംസകൾ നേർന്നു.



## POPE FRANCIS



# EASTER VIGIL

# IN THE HOLY NIGHT OF EASTER

*Why do you seek the living among the dead?* The women hear the words of the angels, who go on to say: "Remember what he told you while he was still in Galilee" (*Lk* 24:6). Those woman had lost hope, because they could not recall the words of Jesus, his call that took place in Galilee. Having lost the living memory of Jesus, they kept looking at the tomb. Faith always needs to go back to Galilee, to reawaken its first love for Jesus and his call: to *remember him, to turn back to him with all our mind and all our heart*. To return to a lively love of the Lord is essential. Otherwise, ours is a "museum" faith, not an Easter faith. Jesus is not a personage from the past; he is a person living today. We do not know him from history books; we encounter him in life. Today, let us remember how Jesus first called us, how he overcame our darkness, our resistance, our sins, and how he touched our hearts with his word.

*Vatican Basilica*
*Holy Saturday, 20 April 2019*